
24
2021
സെപ്റ്റംബർ
വെള്ളി
1197
കന്നി 8

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 159 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-159 പേജ് 4. വില 2.00 രൂപ




02 അക്ഷരം മ്യൂസിയത്തിന്റെ കെട്ടിട നിർമ്മാണം നവംബർ ഒന്നിന് ആരംഭിക്കും

03 ഗ്രാമീണർക്കു നേരെ പോലീസ് വെടിവയ്പിൽ രണ്ട് പേർ മരിച്ചു

04 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള പേറ്റന്റ് ഫീസ് 80% കുറച്ചു

# സമയപരിധിക്കുള്ളിൽ തന്നെ വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യും

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമാണം 2023 ൽ തന്നെ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുമെന്ന് തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. വിഴിഞ്ഞം പോർട്ടിന്റെ പ്രവർത്തന പുരോഗതി വിലയിരുത്താനായി വിഴിഞ്ഞത്ത് എത്തിയതായിരുന്നു അദ്ദേഹം. കേരളത്തിന്റെ സ്വപ്ന പദ്ധതികളിൽ ഒന്നായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമാണം സർക്കാർ വലിയ ഗൗരവത്തിലാണ് കാണുന്നത്. പ്രകൃതിക്ഷോഭം, കോവിഡ് എന്നിവ കാരണം മുൻനിശ്ചയിച്ച പ്രവർത്തന കാലാവധിയിൽ താമസം ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോൾ കാര്യങ്ങൾ അനുകൂലമായി വന്നിട്ടു





ണ്ട്. ഈ അവസരത്തെ ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ ത്വരിത ഗതിയിലാക്കുക എന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി എംഡി ആയി ഗോപാലകൃഷ്ണൻ ഐ.എ.എസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ആഴ്ചയിൽ തന്നെ പോർട്ട് ആസ്ഥാനത്ത് വിസിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കും. വർക്ക് കൗണ്ട് ഡൗൺ കലണ്ടർ ഉൾപ്പെടെ വകുപ്പിന്റെ ആലോചനയിലാണ്. എല്ലാ ആഴ്ചയും പ്രവർത്തന അവലോകനത്തിനായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിക്കും. ചർച്ചയിൽ അദാനി പോർട്ട് സി ഇ ഒ രാജേന്ദ്ര ധാ, എം ഡി സുശീൽ നായർ, വിസിൽ എം ഡി ഗോപാലകൃഷ്ണ ഐ എ എസ്, സി ഇ ഒ ഡോ. ജയകുമാർ, മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി അൻവർ സാദത്ത് എന്നിവർ പങ്കെടുത്തു.

# കോവിഡ് മരണപ്പട്ടിക പുതുക്കും; പരമാവധി പേർക്ക് ധനസഹായം നൽകും: വീണാ ജോർജ്

തിരുവനന്തപുരം: സംസ്ഥാനത്ത് കോവിഡ് മരണ പട്ടിക സമഗ്രമായി പുതുക്കുമെന്ന് ആരോഗ്യ വകുപ്പ് വീണാ ജോർജ്. കേന്ദ്രത്തിൻറെ പുതിയ മാർഗരേഖയനുസരിച്ചാണ് സംസ്ഥാനവും മാർഗരേഖ പുതുക്കുന്നത്. അതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കകം മാർഗരേഖയ്ക്ക് അന്തിമ രൂപമാകുന്നതാണെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

നെഗറ്റീവായാലും 30 ദിവസത്തിനുള്ളിലെ മരണം കോവിഡ് മരണമാണന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയുള്ളതാകും പുതിയ മാർഗരേഖ. ഇതുസംബന്ധിച്ച് സമഗ്രമായ ലിസ്റ്റ് തന്നെ പ്രസിദ്ധീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

കോവിഡ് മരണവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് തന്നെ ഒരു അന്വേഷണം നടത്തുകയും അത് പരിഹരിക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. ഇതോടൊപ്പം പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് തന്നെ അതിനൊരു ഇടപെടൽ നടത്തി പട്ടിക പ്രസിദ്ധീകരിക്കുക തന്നെ ചെയ്യും.



അർഹരായവർക്കെല്ലാം ഇതുസംബന്ധിച്ച ആനുകൂല്യം ലഭിക്കണമെന്ന് തന്നെയാണ് സർക്കാരിൻറെ തീരുമാനം. അതിനുവേണ്ടി സംസ്ഥാന സർക്കാർ ചെയ്യാവുന്ന കാര്യങ്ങളെല്ലാം ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

കോവിഡ് ബാധിച്ചു മരിച്ചവരുടെ കുടുംബങ്ങൾക്കു സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽനിന്ന് 50,000 രൂപ നഷ്ടപരിഹാരം നൽകുമെന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയത്. കോവിഡ് ബാധിച്ച് ഇതിനോടകം മരിച്ചു പോയവർക്കു മാത്രമല്ല, ഭാവിയിൽ ഉണ്ടാകുന്ന സമാന സംഭവങ്ങളിലും നഷ്ടപരിഹാരം നൽകും.

ജില്ലാ ദുരന്തനിവാരണ അഥോറിറ്റികൾ വഴിയോ ജില്ലാ ഭരണകൂടങ്ങൾ വഴിയോ നഷ്ടപരിഹാരം അർഹരായവർക്ക് നൽകുമെന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയം സത്യവാങ്മൂലത്തിൽ വ്യക്തമാക്കി. കോവിഡ് വ്യാപനത്തിൻറെ തുടർഘട്ടങ്ങളിലും മരിക്കുന്നവരുടെ ഉറ്റവർക്ക് നഷ്ടപരിഹാരം നൽകുമെന്നും അതല്ലെങ്കിൽ ഇനിയൊരു വിജ്ഞാപനം ഉണ്ടാകുന്നതു വരെ അതു തുടരുമെന്നും കേന്ദ്രം വ്യക്തമാക്കി.

നഷ്ടപരിഹാരം ലഭിക്കാൻ കേന്ദ്ര ആരോഗ്യമന്ത്രാലയം പുറത്തിറക്കിയ മാർഗനിർദേശങ്ങൾ അനുസരിച്ചുള്ള കോവിഡ് മരണ സർട്ടിഫിക്കറ്റ് ആവശ്യമാണ്. കോവിഡ് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കിടെയിലും പ്രതിരോധ പ്രവർത്തനങ്ങൾക്കിടയിലും സംഭവിച്ച മരണങ്ങൾ കോവിഡ് മരണങ്ങളായി കണക്കാക്കണമെന്നു ദേശീയ ദുരന്തനിവാരണ സമിതി നിർദേശിച്ചിട്ടുണ്ട്.

നഷ്ടപരിഹാരത്തിന് അർഹതയുള്ള കുടുംബങ്ങൾ സംസ്ഥാന സർക്കാർ തയാറാക്കി നൽകുന്ന അപേക്ഷാ ഫോമിനൊപ്പം ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കണം. മരണകാരണം കോവിഡാണെന്ന് ഉറപ്പിക്കുന്ന മരണ സർട്ടിഫിക്കറ്റ് നിർബന്ധമായും ഇതോടൊപ്പം നൽകണം. അപേക്ഷകളിൽ 30 ദിവസത്തിനകം തീർപ്പുണ്ടാക്കണം. ഗുണഭോക്താവിൻറെ ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ടാണ് പണം കൈമാറേണ്ടത്. നഷ്ടപരിഹാരം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് അഡീഷണൽ ജില്ലാ കളക്ടർ, ചീഫ് മെഡിക്കൽ ഓഫീസർ, അഡീഷണൽ ചീഫ് മെഡിക്കൽ ഓഫീസർ, മെഡിക്കൽ കോളജ് പ്രിൻസിപ്പലോ വകുപ്പ് മേധാവിയോ എന്നിവരുൾപ്പെട്ട വിദഗ്ധ സമിതി രൂപീകരിക്കും

# സ്കൂൾ തുറക്കൽ: സമഗ്ര റിപ്പോർട്ട് തയാറാക്കാൻ തീരുമാനം

തിരുവനന്തപുരം: സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നതിനു മുന്നോടിയായി സമഗ്ര റിപ്പോർട്ട് തയാറാക്കാൻ തീരുമാനം. വ്യാഴാഴ്ച ചേർന്ന പൊതുവിദ്യാഭ്യാസ, ആരോഗ്യ മന്ത്രിമാരുടെ സംയുക്തയോഗത്തിലാണ് ഈ തീരുമാനം.

സ്കൂൾ തുറക്കുന്നതിനു മാർഗരേഖ തയാറാക്കും. സൂക്ഷ്മതലത്തിലുള്ള വിശദാംശങ്ങൾ വരെ പരിശോധിച്ചാവും ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകളിലെ പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ റിപ്പോർട്ട് തയാറാക്കുക. മറ്റു വകുപ്പുകളുടേയും സഹായം ഇവർ തേടും.

അധ്യാപക സംഘടനകൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, രക്ഷിതാക്കൾ ഉൾപ്പെടെ ഉള്ളവരിൽ നിന്ന് അഭിപ്രായങ്ങൾ ശേഖരിച്ചാവും അന്തിമ റിപ്പോർട്ട് തയാറാക്കുക. ഓഫ് ലൈനായും ഓൺലൈനായും ക്ലാസുകൾ നടത്താനാണ് ലക്ഷ്യമിടുന്നതെന്നു യോഗത്തിനു ശേഷം പൊതുവിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു.

കുട്ടികൾ കൂടുതൽ സുരക്ഷിതമായി ക്ലാസുകളിൽ ഇരിക്കുന്നതിൻറെ ഭാഗമായി ബയോ ബബിൾ അടിസ്ഥാനത്തിലാവും ക്ലാസുകൾ ഒരുക്കുക. വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ഒട്ടും ആശങ്കയില്ലാത്ത തരത്തിലുള്ള ക്രമീകരണങ്ങൾ ഒരുക്കിയാവും നവംബർ ഒന്നിന് സ്കൂളുകൾ തുറക്കുക.

അടുത്ത ദിവസങ്ങളിൽ തന്നെ കൂടുതൽ ചർച്ചകൾ നടക്കുമെന്നും ആരോഗ്യമന്ത്രി വീണാ ജോർജും പൊതുവിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടിയും ചർച്ചകൾക്ക് ശേഷം മാധ്യമങ്ങളോട് പറഞ്ഞു.

## ഒരു ബെഞ്ചിൽ രണ്ടു കുട്ടികൾ; ക്ലാസുകൾ ഉച്ചവരെ ഷിഫ്റ്റ് അടിസ്ഥാനത്തിലാകാം

തിരുവനന്തപുരം: കോവിഡ് വ്യാപനത്തെ തുടർന്ന് അടച്ച സംസ്ഥാനത്തെ സ്കൂളുകൾ നവംബർ ഒന്നിന് തുറന്നു പ്രവർത്തനം ആരംഭിക്കുമ്പോൾ ഒരു ബെഞ്ചിൽ രണ്ട് കുട്ടികൾ എന്ന രീതിയിലുള്ള ക്രമീകരണം വേണമെന്ന് അഭിപ്രായം ഉന്നതതല യോഗത്തിൽ ഉയർന്നു. ഇക്കാര്യത്തിൽ കൂടുതൽ ചർച്ച നടത്തി അന്തിമ തീരുമാനം കൈക്കൊള്ളും.

ക്ലാസ് തുടങ്ങി ആദ്യ ഒരാഴ്ച കുട്ടികൾക്ക് കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ ക്ലാസിലും സ്വന്തം വീട്ടിലും എങ്ങനെ പാലിക്കണമെന്ന ക്ലാസുകൾ നൽകും. ക്ലാസ് എങ്ങനെ ക്രമീകരിക്കണം എന്ന കാര്യത്തിൽ അന്തിമ തീരുമാനം ഉണ്ടായിട്ടില്ല. ഷിഫ്റ്റ് അടിസസ്ഥാനത്തിൽ ഉച്ചവരെ ക്ലാസുകൾ എന്ന അഭിപ്രായവും ഉയർന്നിട്ടുണ്ട്.

ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് തയാറാകാകാൻ പൊതുവിദ്യാഭ്യാസ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, ആരോഗ്യ സെക്രട്ടറി രാജൻ ഖോബ്രഗഡെ, പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ. ജീവൻ ബാബു എന്നിവരുൾപ്പെട്ട മൂന്നംഗ സമിതിയെ ഉന്നതതല യോഗം ചുമതലപ്പെടുത്തി.

## നിപ ബാധിച്ച് മരിച്ച കുട്ടിയുടെ രക്ഷിതാവിന് ധനസഹായം അനുവദിച്ചു

കോഴിക്കോട്: നിപ രോഗബാധിതനായി മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവായതായി പി ടി എ റഹീം എംഎൽഎ അറിയിച്ചു.

ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ പാഴൂർ സ്വദേശിയായ 12 വയസുകാരനായിരുന്നു നിപ രോഗബാധിതനായി മരണപ്പെട്ടത്. ആശുപത്രി ചെലവിനത്തിൽ വന്ന തുകയായ 2,42,603 രൂപ അനുവദിച്ചു തരണമെന്ന് ആവശ്യപ്പെട്ട് കുട്ടിയുടെ പിതാവ് എംഎൽഎ മുഖേന നൽകിയ അപേക്ഷയിലാണ് തുക അനുവദിച്ച് ഉത്തരവായത്. അനുവദിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ട്രഷററായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്ന് കുട്ടിയുടെ രക്ഷിതാവിന് കൈമാറുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയതായും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇതിനിടെ നിപ കണ്ടെയ്ൻമെന്റ് സോണിൽ നിന്ന് പാഴൂരിനെ ഒഴിവാക്കി. ജില്ലയിൽ നിപ മരണം റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണ് ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ഒമ്പതാം വാർഡായ പാഴൂർ കണ്ടെയ്ൻമെന്റ് സോണായി പ്രഖ്യാപിച്ചത്. പിന്നീട് ആർക്കും രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാലും ആ വാർഡിൽ സമ്പർക്കപട്ടികയിലുണ്ടായിരുന്ന എല്ലാവരുടെയും നിപ പരിശോധനഫലം നെഗറ്റീവായതിനാലുമാണ് പാഴൂരിനെ നിപ കണ്ടെയിൻമെന്റ് സോണിൽ നിന്ന് ഒഴിവാക്കി ജില്ലാ കളക്ടർ ഡോ. എൻ തേജ് ലോഹിത് റെഡ്ഡി ഉത്തരവിറക്കിയത്.

# ജീവനൊടുക്കിയ കോവിഡ് രോഗികളുടെ കുടുംബത്തിനും നഷ്ടപരിഹാരം

ന്യൂഡൽഹി: ജീവനൊടുക്കിയ കോവിഡ് രോഗികളുടെ കുടുംബത്തിനും നഷ്ടപരിഹാരം നൽകാമെന്നും കേന്ദ്ര സർക്കാർ. സുപ്രീംകോടതിയിലാണ് കേന്ദ്രം ഇക്കാര്യം അറിയിച്ചത്.

സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽനിന്ന് 50,000 രൂപ നൽകും. കോവിഡ് സ്ഥിരീകരിച്ച് ഒരുമാസത്തിനകം ജീവനൊടുക്കിയവരെ പട്ടികയിലുൾപ്പെടുത്താമെന്നാണ് കേന്ദ്രം സുപ്രീംകോടതിയെ അറിയിച്ചത്. സുപ്രീം കോടതിയുടെ നിർദേശപ്രകാരമാണ് കേന്ദ്രത്തിൻറെ നിലപാടുമാറ്റം.

അതേസമയം കേന്ദ്ര മാർഗരേഖ അനുസരിച്ച് സംസ്ഥാനത്ത് കോവിഡ് മരണപ്പട്ടിക പുതുക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. അതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കകം മാർഗരേഖയ്ക്ക് അന്തിമ രൂപമാകുന്നതാണെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

നെഗറ്റീവായാലും 30 ദിവസത്തിനുള്ളിലെ മരണം കോവിഡ് മരണമാണന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയുള്ളതാകും പുതിയ മാർഗരേഖ. ഇതുസംബന്ധിച്ച് സമഗ്രമായ ലിസ്റ്റ് തന്നെ പ്രസിദ്ധീകരിക്കുമെന്നും മന്ത്രി പറഞ്ഞു. കോവിഡ് മരണവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് തന്നെ ഒരു അന്വേഷണം നടത്തുകയും അത് പരിഹരിക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. ഇതോടൊപ്പം പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് തന്നെ അതിനൊരു ഇടപെടൽ നടത്തി പട്ടിക പ്രസിദ്ധീകരിക്കുക തന്നെ ചെയ്യും.

അർഹരായവർക്കെല്ലാം ഇതുസംബന്ധിച്ച ആനുകൂല്യം ലഭിക്കണമെന്ന് തന്നെയാണ് സർക്കാരിൻറെ തീരുമാനം. അതിനുവേണ്ടി സംസ്ഥാന സർക്കാർ ചെയ്യാവുന്ന കാര്യങ്ങളെല്ലാം ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കിയിരുന്നു.

## പിഎസ്സിപരീക്ഷയുടെ ചോദ്യപേപ്പർ മാറി നൽകി; പരാതിപറഞ്ഞവരോട് കയർത്ത് ഉദ്യോഗസ്ഥർ

തിരുവനന്തപുരം: പിഎസ്!സിയുടെ വകുപ്പ് തല പരീക്ഷയിൽ ചോദ്യപേപ്പർ മാറി നൽകി. എൽഡി ക്ലാർക്കുമാർക്കായി നടത്തിയ പരീക്ഷയിലാണ് അബദ്ധം സംഭവിച്ചത്.

ഡിസ്ട്രിക്ട് ഓഫീസ് മാന്വൽ ചോദ്യത്തിന് പകരം സെക്രട്ടറിയറ്റ് ഓഫീസ് മാന്വൽ ചോദ്യപേപ്പറാണ് നൽകിയത്. മണക്കാട് വൊക്കേഷണൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന പരീക്ഷയിലാണ് അബദ്ധം സംഭവിച്ചത്. എന്നാൽ ചില ക്ലാസ്സുകളിൽ ചോദ്യപേപ്പർ മാറിയത് തുടക്കത്തിൽ മനസിലാതോടെ വിതരണം ചെയ്തത് മടക്കി വാങ്ങി. പരാതി പറഞ്ഞവരോട് ഉദ്യോഗസ്ഥർ കയർത്തതായും ആരോപണമുണ്ട്. ചോദ്യപേപ്പർ മാറാനിടയായ സാഹചര്യം പരിശോധിക്കുമെന്ന് പിഎസ്സി അധികൃതർ അറിയിച്ചു.

## മണിച്ചൻെറ സഹോദരന്മാരെ 48 മണിക്കൂറിനുള്ളിൽ മോചിപ്പിക്കണം: സുപ്രീം കോടതി

ന്യൂഡൽഹി: കല്ലുവാതിൽക്കൽ മദ്യദുരന്ത കേസിലെ മുഖ്യപ്രതി മണിച്ചൻറെ സഹോദരന്മാരെ 48 മണിക്കൂറിനുള്ളിൽ ജയിലിൽ നിന്ന് മോചിപ്പിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് സുപ്രീം കോടതി. കേസിൽ ജീവപര്യന്തം തടവ് ശിക്ഷ അനുഭവിക്കുന്ന വിനോദ്, മണികണ്ഠൻ എന്നിവരെ മോചിപ്പിക്കണമെന്നാണ് കോടതി ഉത്തരവിട്ടത്.

ഇവരുടെ ഭാര്യമാർ നൽകിയ ഹർജിയിൽ ജസ്റ്റീസുമാരായ എ.എം. ഖാൻവിൽക്കർ, ദിനേശ് മഹേശ്വരി, സി.ടി രവികുമാർ എന്നിവരടങ്ങിയ ബെഞ്ചിൻറെതാണ് ഉത്തരവ്. പ്രതികളുടെ ശിക്ഷാ കാലാവധി പൂർത്തിയാകുന്നതിന് മുൻപ് മോചിപ്പിക്കുന്നതിനുള്ള ഉത്തരവിറക്കാൻ നേരത്തേ സുപ്രീം കോടതി നിർദേശിച്ചിരുന്നു.

എന്നാൽ രണ്ടാഴ്ച കഴിഞ്ഞിട്ടും ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കിയിരുന്നില്ല. ഉത്തരവിറക്കുന്നതിന് കൂടുതൽ സമയം വേണമെന്ന് സംസ്ഥാന സർക്കാർ കഴിഞ്ഞ ദിവസം സുപ്രീം കോടതിയിൽ ആവശ്യപ്പെട്ടു. ഇരുവരും 20 വർഷത്തിലധികമായി കസ്റ്റഡിയിലാണെന്ന് സുപ്രീം കോടതി ചൂണ്ടിക്കാട്ടി. ഉത്തരവിറക്കാൻ ഇനിയും സമയം വേണമെന്ന ആവശ്യത്തിന് സർക്കാരിന് തൃപ്തികരമായ വിശദീകരണമില്ല. അതിനാലാണ് അടിയന്തരമായി ജാമ്യം അനുവദിക്കുന്നതെന്നും ബെഞ്ച് വ്യക്തമാക്കി.

## ശക്തമായ കാറ്റിനു സാധ്യത; മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം

തിരുവനന്തപുരം: മധ്യകിഴക്കൻ ബംഗാൾ ഉൾക്കടലിലും വടക്കൻ ആൻഡമാൻ കടലിലും ഇന്ന് മണിക്കൂറിൽ 40 മുതൽ 50 കി.മീ വരെവേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഗൾഫ് ഓഫ് മാന്നാർ, കന്യാകുമാരി പ്രദേശങ്ങളിൽ 26, 27 തീയതികളിൽ മണിക്കൂറിൽ 45 മുതൽ 55 കി.മീ വരെ വേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും അറിയിപ്പിൽ പറയുന്നു. ഈ ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനു പോകരുതെന്ന് ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ അറിയിച്ചു.

## ഭിന്നശേഷിക്കാർക്ക് വീടുകളിലെത്തി വാക്സിൻ നൽകും

ന്യൂഡൽഹി: ഭിന്നശേഷിക്കാർക്കു വീടുകളിൽ കോവിഡ് വാക്സിൻ എത്തിച്ചു നൽകുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. വാക്സിൻ യജ്ഞം ത്വരിതപ്പെടുത്തുന്നതിൻറെ ഭാഗമായാണ് ഈ തീരുമാനം. ഇതിനുള്ള മാർഗനിർദേശം കേന്ദ്രം നേരത്തെ പുറപ്പെടുവിച്ചിരുന്നു. ഒരു മാസം മുൻപ് തന്നെ മുംബൈയിൽ കിടപ്പ് രോഗികൾക്ക് വീടുകളിൽ വാക്സിൻ എത്തിച്ചു നൽകാൻ മഹാരാഷ്ട്ര സർക്കാർ നടപടി എടുത്തിരുന്നു. ഉത്സവ കാലങ്ങളിൽ വലിയ കൂടിച്ചേരലുകൾ ഒഴിവാക്കണമെന്ന് ഐസിഎംആർ മേധാവി ഡോ. ബൽറാം ഭാർഗവ പറഞ്ഞു. കണ്ടെയിൻറ്മെൻറ് സോണുകളിലും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് അഞ്ചു ശതമാനത്തിൽ കൂടുതലുള്ള ജില്ലകളിലും ആളുകൾ കൂടിച്ചേരുന്നത് ഒഴിവാക്കണം.

# ലോറി ഓട്ടോറിക്ഷയിലിടിച്ച് ഓട്ടോ ഡ്രൈവർ മരിച്ചു

പാലക്കാട്: ഓട്ടോറിക്ഷയിൽ ലോറിയിടിച്ചുണ്ടായ അപകടത്തിൽ ഓട്ടോ ഡ്രൈവറായ യുവാവ് മരിച്ചു. കല്ലേപ്പുള്ളി പുത്തൂർ റോഡിൽ ബിഎസ്എൻഎൽ ക്വാട്ടേഴ്സിനു സമീപം കുഞ്ഞുമുഹമ്മദിൻറെ മകൻ അബ്ദുൽ മുത്തലിഫ് (38) ആണു മരിച്ചത്.

കോഴിക്കോട്പാലക്കാട് ദേശീയപാതയിലെ കൊപ്പം ജംഗ്ഷനിൽ ബുധനാഴ്ച രാത്രി പന്ത്രണ്ടോടെയാണ് അപകടം. കല്ലേപ്പുള്ളി ജംഗ്ഷനിൽ മീൻ കച്ചവടക്കരാനാണു അബ്ദുൽ മുത്തലിഫ്. പാലക്കാട് നഗരത്തിൽനിന്നു മീൻ സൂക്ഷിക്കാനുള്ള പെട്ടി വാങ്ങി ഓട്ടോയിൽ വീട്ടിലേക്കു മടങ്ങുന്പോഴായിരുന്നു അപകടം നടന്നത്. ദേശീയപാത മുറിച്ചു കടക്കുന്പോൾ കോയന്പത്തൂർ ഭാഗത്തു നിന്നു വന്ന ലോറി ഓട്ടോറിക്ഷയിൽ ഇടിക്കുകയായിരുന്നുവെന്നു പോലീസ് പറഞ്ഞു. ഓട്ടോയിൽ നിന്നു തെറിച്ചു റോഡിൽ തലയിടിച്ചു വീണ അബ്ദുൽ മുത്തലിഫിനെ ജില്ലാ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ലോറി ഡ്രൈവർ തമിഴ്നാട് നാഗപട്ടണം സ്വദേശിയെ നോർത്ത് പോലീസ് കസ്റ്റഡിയിലെടുത്തു. സാബിറയാണ് അബ്ദുൽ മുത്തലിഫിൻറെ ഭാര്യ. മക്കൾ: അൽത്താഫ്, ആതില.



ക്ഷീര മൃഗസംരക്ഷണ രംഗത്തെ വിദഗ്ധർ പങ്കെടുക്കുന്ന ശിൽപശാല മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യുന്നു

# പിഎം കെയേഴ്സ് ഗവൺമെന്റിന്റെ ഫണ്ടായി കാണാൻ കഴിയില്ല

ന്യൂഡൽഹി: പിഎം കെയേഴ്സ് ഫണ്ട് ഇന്ത്യൻ ഗവൺമെന്റിന്റെ ഫണ്ട് അല്ലെന്ന് കേന്ദ്ര സർക്കാർ.

പ്രധാനമന്ത്രിയുടെ ഓഫീസ് ഡൽഹി ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിലാണ് രാജ്യത്തിന്റെ പ്രധാനമന്ത്രി ചെയർമാനും മൂന്ന് കേന്ദ്രമന്ത്രിമാർ അംഗങ്ങളുമായ ട്രസ്റ്റിന്റെ ഫണ്ട് പൊതുഫണ്ടല്ലെന്ന് വ്യക്തമാക്കിയിരിക്കുന്നത്.

ചാരിറ്റബിൾ ട്രസ്റ്റ് ആയാണ് പിഎം കെയേഴ്സ് രൂപീകരിച്ചിരിക്കുന്നതെന്നാണ് പ്രധാനമന്ത്രിയുടെ ഓഫീസിലെ അണ്ടർ സെക്രട്ടറി പ്രദീപ് കുമാർ ശ്രീവാസ്തവയുടെ പേരിൽ നൽകിയിരിക്കുന്ന സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നത്.

സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുന്നതിനായാണ് ഫണ്ട് രൂപീകരിച്ചതെന്നും സംഭാവന നൽകിയവരുടെ വിവരങ്ങൾ പുറത്തുവിടാൻ സാധിക്കില്ലെന്നും സത്യവാങ്മൂലത്തിൽ വ്യക്തമാക്കി.

പിഎം കെയേഴ്സ് ഫണ്ട് ഇന്ത്യൻ ഗവൺമെന്റിന്റെ ഫണ്ടിന്റെ ഭാഗമായി കണക്കാക്കാൻ കഴിയില്ലെന്നും പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

ഭരണഘടനയുടെ പന്ത്രണ്ടാം അനുച്ഛേദപ്രകാരം പിഎം കെയേഴ്സിനെ പൊതുസ്ഥാപനമായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് അഭിഭാഷകനായ സാമ്യക് ഗാംഗ്വാൾ ആണ് ഡൽഹി ഹൈക്കോടതിയിൽ ഹർജി നൽകിയത്. ജസ്റ്റിസുമാരായ ഡി എൻ പട്ടേൽ, ജ്യോതി സിങ് എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിക്കുന്നത്. പ്രധാനമന്ത്രി രൂപീകരിക്കുകയും ചെയർമാനായി പ്രവർത്തിക്കുകയും രാജ്യത്തിന്റെ ആഭ്യന്തര, പ്രതിരോധ, ധന മന്ത്രിമാർ ട്രസ്റ്റ് അംഗങ്ങളായിരിക്കുകയും ചെയ്യുന്ന പിഎം കെയേഴ്സ് ഫണ്ട് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഫണ്ട് അല്ലെന്ന വാദം ജനങ്ങളെ ഏറെ വിഷമിപ്പിക്കുന്നതാണെന്ന് ഹർജിക്കാരൻ വാദിച്ചു.

കോവിഡ് 19 രോഗബാധയിൽ ദുരിതത്തിലായ ജനങ്ങൾക്ക് സഹായം നൽകുന്നതിനായി ഫണ്ട് സമാഹരിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് കഴിഞ്ഞ വർഷം മാർച്ച് മാസത്തിൽ പിഎം കെയേഴ്സ് രൂപീകരിച്ചത്. വൻതുകയാണ് സംഭാവനയായി പിഎം കെയേഴ്സിൽ എത്തിയത്.

എന്നാൽ ഫണ്ട് ശേഖരണത്തിലും വിനിയോഗത്തിലും സുതാര്യതയില്ലെന്ന് ചൂണ്ടിക്കാട്ടിയുള്ള നിരവധി വിമർശനങ്ങളും പിഎം കെയേഴ്സിനെതിരെയുണ്ടായിരുന്നു. വിവരാവകാശ നിയമപ്രകാരം നൽകുന്ന അപേക്ഷകളെല്ലാം പിഎം കെയേഴ്സ് പൊതുസ്ഥാപനമല്ലെന്ന് ചൂണ്ടിക്കാട്ടി നിരസിക്കുകയായിരുന്നു കേന്ദ്ര സർക്കാരിന്റെ പതിവ്.

പിഎം കെയേഴ്സ് ഫണ്ട് രൂപീകരിച്ച് മൂന്നു ദിവസത്തിനുള്ളിൽ 3076 കോടി രൂപ സംഭാവനയായി ലഭിച്ചുവെന്ന് ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്തു.

ഫണ്ട് രൂപീകരിച്ച് 52 ദിവസത്തിനകം 9677.9 കോടി രൂപ സംഭാവനയായി ലഭിച്ചു. വ്യോമസേനയും കരസേനയും നേവിയും പൊതുമേഖലാ ബാങ്കുകളുമാണ് പ്രധാനമായും പണം നൽകിയത്.

ഇനി സെപ്റ്റംബർ 27നാണ് ഈ ഹർജിയിലെ വാദം കേൾക്കുന്നതിനായി കോടതി നിശ്ചയിച്ചിരിക്കുന്നത്.

# അക്ഷരം മ്യൂസിയത്തിന്റെ കെട്ടിട നിർമ്മാണം നവംബർ ഒന്നിന് ആരംഭിക്കും

തിരുവനന്തപുരം: സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന അക്ഷരം മ്യൂസിയത്തിന്റെ കെട്ടിട നിർമ്മാണം നവംബർ ഒന്നിന് ആരംഭിക്കും. സഹകരണ മന്ത്രി വി എൻ വാസവന്റെയും തുറമുഖം, മ്യൂസിയം വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിലിന്റെയും സംയുക്താഭിമുഖ്യത്തിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനം. കേരളത്തിൽ ആദ്യമായി ആരംഭിക്കുന്ന ഭാഷാ, സാഹിത്യ, സാംസ്കാരിക മ്യൂസിയമാണ് അക്ഷരം മ്യൂസിയം. കോട്ടയം നാട്ടകത്താണ് മ്യൂസിയം സ്ഥാപിക്കുന്നത്. വാമൊഴിയിൽ നിന്നും വരമൊഴിയിലേയ്ക്കും അതിൽ നിന്നും ആധുനിക ഭാഷയിലേയ്ക്കുമുള്ള അക്ഷരങ്ങളുടെ പ്രയാണമാണ് മ്യൂസിയത്തിലെ പ്രധാന കാഴ്ച. വിവിധ കാലഘട്ടങ്ങളിലൂടെയുള്ള ഭാഷയുടെ രൂപാന്തരം മ്യൂസിയത്തിൽ പ്രദർശിപ്പിക്കും. ഗുഹാചിത്രങ്ങൾ മുതൽ ആധുനിക സാഹിത്യ സൃഷ്ടികൾ വരെ നേരിട്ട് കാണുകയും അനുഭവിച്ചറിയുകയും ചെയ്യാം. അന്താരാഷ്ട്ര നിലവാരത്തിലാണ് മ്യൂസിയത്തിന്റെ നിർമ്മാണം. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഉത്ഭവം മുതൽ ഇന്നത്തെ സാഹചര്യം വരെ ദൃശ്യാനുഭവമായി പ്രദർശിപ്പിക്കുന്ന പ്രത്യേക കോർണർ, ദേശീയ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച, കേരളത്തിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ഉയർച്ചയുടെ വഴികൾ, ഇന്ത്യയിലെ ഭാഷാ വൈവിധ്യം, വിവിധ സാഹിത്യ വിഭാഗങ്ങളുടെ നാൾവഴികൾ, അപൂർവമായ സൃഷ്ടികൾ, ആധുനിക, ഉത്തരാധുനിക മലയാള സാഹിത്യം, വിവിധ സാഹിത്യകാരന്മാർ അവരുടെ ശബ്ദത്തിൽ അവതരിപ്പിച്ച അവരുടെ സൃഷ്ടികൾ, മറ്റ് പ്രദേശങ്ങളിലെ മലയാളത്തിന്റെ സ്വാധീനം, വിവർത്തനങ്ങളുടെ ശാസ്ത്രീയ രീതികൾ തുടങ്ങി സാഹിത്യത്തിന്റെ വിവിധ വശങ്ങൾ മ്യൂസിയത്തിൽ പ്രദർശനത്തിനുണ്ടാകും. പ്രദർശനത്തിനുള്ള വസ്തുക്കൾ ശേഖരിക്കാനും വിവിധ സാഹിത്യ സാംസ്കാരിക നേതാക്കളുടെ പ്രതിമകൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായിട്ടായിരിക്കും മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുക. ആദ്യഘട്ട പ്രവർത്തനങ്ങൾ അവലോകന യോഗത്തിൽ വിശദമായി ചർച്ച ചെയ്തു. സഹകരണ സെക്രട്ടറി മിനി ആന്റണി, സഹകരണ രജിസ്ട്രാർ പി ബി നൂഹ് തുടങ്ങിയ ഉദ്യോഗസ്ഥരും അവലോകന യോഗത്തിൽ പങ്കെടുത്തു.

# ന്യൂസിലൻഡ് ക്രിക്കറ്റ് സംഘത്തിന് ഭീഷണി സന്ദേശം അയച്ചത് ഇന്ത്യക്കാരെന്ന് പാകിസ്ഥാൻ

ഇസ്‌ലാമാബാദ്: ന്യൂസിലാൻഡ് ക്രിക്കറ്റ് സംഘത്തിന് ഭീഷണി സന്ദേശമെത്തിയത് ഇന്ത്യയിൽ നിന്നെന്ന് പാകിസ്ഥാൻ ഇൻഫർമേഷൻ മന്ത്രി ഫവദ് ചൗധരി. ഇമെയിൽ വഴിയാണ് സന്ദേശം എത്തിയത്. 18 വർഷങ്ങൾക്ക് ശേഷം പാകിസ്ഥാനിൽ ക്രിക്കറ്റ് പര്യടനത്തിനെത്തിയ ന്യൂസിലൻഡ് സംഘത്തെ ടോസ് ഇടാൻ ആരംഭിക്കുന്നതിന് തൊട്ടുമുൻപ് സുരക്ഷാ ഭീഷണിയെ തുടർന്ന് തിരിച്ചുവിളിക്കുകയായിരുന്നു. അടിസ്ഥാന രഹിതവും വിശ്വാസയോഗ്യവുമല്ലാത്ത വാദങ്ങളാണ് പാകിസ്ഥാൻ ഉന്നയിക്കുന്നതെന്ന് ഇന്ത്യൻ വിദേശകാര്യമന്ത്രാലയ വക്താവ് അരിൻഡം ബഗ്ചി പ്രതികരിച്ചു. തെഹ്രീക് താലിബാൻ സായുധധാരി ഇഹ്സാനുല്ലാഹ് ഇഹ്സാനിന്റെ പേരിൽ വ്യാജ പോസ്റ്റ് നിർമിച്ചാണ് ന്യൂസിലൻഡ് ക്രിക്കറ്റ് ബോർഡിനും സർക്കാരിനും സന്ദേശങ്ങളയച്ചത്. ഇന്ത്യയുമായി ബന്ധപ്പെട്ട ഡിവൈസിൽ നിന്നാണ് സന്ദേശങ്ങളയച്ചത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ലൊക്കേഷൻ സിംഗപ്പൂർ എന്നാണ് കാണിക്കുന്നത്. ഈ ഡിവൈസിൽ 14ഓളം മറ്റു ഐഡികളും പ്രവർത്തിക്കുന്നുണ്ട്. ഇതെല്ലാം ഇന്ത്യൻ പേരുകളാണ്. മുമ്പ് വെസ്റ്റിൻഡീസ് പാക് പര്യടനത്തിന് എത്തിയപ്പോഴും ഭീഷണി സന്ദേശങ്ങൾ അയച്ചിരുന്നു. ഇത് നിർഭാഗ്യകരമാണ്. അന്താരാഷ്ട്ര ക്രിക്കറ്റിന് എതിരായ കാമ്പയിനാണിത്. ഐസിസി ഇതിനെതിരെ നടപടിയെടുക്കണമെന്നും ചൗധരി പറഞ്ഞു. എന്നാൽ കൃത്യവും വിശ്വാസയോഗ്യവുമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സംഘത്തെ തിരിച്ചുവിളിച്ചതെന്നാണ് ന്യൂസിലൻഡിന്റെ വാദം. വിശദവിവരങ്ങൾ പുറത്തുവിടാനാകില്ലെന്നും ന്യൂസിലൻഡ് പ്രധാനമന്ത്രി ജസീന്ത ആർഡ്രേൻ പറഞ്ഞു. മൂന്ന് ഏകദിനങ്ങളും അഞ്ച് ടൺറി20 മത്സരങ്ങളും അടങ്ങുന്ന ലിമിറ്റഡ് ഓവർ പരമ്പരക്കായാണ് ന്യൂസിലൻഡ് സംഘം പാകിസ്ഥാനിലെത്തിയത്. റാവൽപിണ്ടിയിലെ ആദ്യ ഏകദിന മത്സരം ആരംഭിക്കുന്നതിന് തൊട്ടു മുമ്പായിരുന്നു സുരക്ഷ കാരണങ്ങൾ പറഞ്ഞ് ന്യൂസിലൻഡ് ടീം പരമ്പരയിൽനിന്നു പിന്മാറിയത്.

# എൽഐസി ഐപിഒ: ചൈനീസ് നിക്ഷേപകരെ വിലക്കിയേക്കും

ന്യൂഡൽഹി: രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖല ഇൻഷുറൻസ് സ്ഥാപനമായ ലൈഫ് ഇൻഷുറൻസ് കോർപറേഷ(എൽഐസി)ന്റെ ഓഹരികൾ വാങ്ങുന്നതിൽ നിന്ന് ചൈനീസ് നിക്ഷേപകരെ വിലക്കാൻ ഇന്ത്യ ആലോചിക്കുന്നതായി റിപ്പോർട്ട്.

ചൈനയും ഇന്ത്യയും തമ്മിലുള്ള അതിർത്തി തർക്കവും ഇരു സർക്കാരും തമ്മിലുള്ള അസ്വാരസ്യങ്ങളുമാണ് എൽഐസിയുടെ ഓഹരികൾ വാങ്ങുന്നതിൽ നിന്ന് നിക്ഷേകരെ വിലക്കാൻ കാരണമെന്ന് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്യുന്നു. കേന്ദ്ര സർക്കാരിന് കീഴിലുള്ള എൽഐസി രാജ്യത്തിന്റെ തന്ത്രപരമായ ആസ്തിയിൽ ഉൾപ്പെടുന്നു എന്നതും ചൈനീസ് നിക്ഷേപകരെ വിലക്കാൻ കാരണമായി ചൂണ്ടിക്കാട്ടപ്പെടുന്നു.

രാജ്യത്തെ ലൈഫ് ഇൻഷുറൻസ് വിപണിയിൽ 60 ശതമാനം വിപണി പങ്കാളിത്തമുള്ള എൽഐസിക്ക് 500 ശതകോടി ഡോളറിലേറെ ആസ്തിയുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

ഏകദേശം 12.2 ശതകോടി ഡോളർ സമാഹരിക്കാനൊരുങ്ങുന്ന എൽഐസി ഐപിഒയിൽ വിദേശ നിക്ഷേപകർക്കും അവസരം നൽകുന്നുണ്ടെങ്കിലും ചൈനീസ് ഉടമസ്ഥതയിലുള്ള കമ്പനികൾക്കും വ്യക്തികൾക്കും നിക്ഷേപിക്കാൻ അവസരം നൽകില്ലെന്നാണ് സൂചന.

നിലവിലെ നിയമപ്രകാരം എൽഐസിയിൽ നിക്ഷേപിക്കാൻ വിദേശികൾക്ക് കഴിയില്ല. എന്നാൽ വിദേശ സ്ഥാപന നിക്ഷേപകർക്ക് 20 ശതമാനം വരെ ഓഹരി വാങ്ങാമെന്ന തരത്തിൽ ഇളവ് നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്. എന്നാൽ ഇതിൽ നിന്ന് ചൈനീസ് നിക്ഷേപങ്ങളെ മാറ്റി നിർത്തുമെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. എൽഐസി ഐപിഒയിലൂടെ 90,000 കോടി രൂപ ഈ സാമ്പത്തിക വർഷം സമാഹരിക്കാനാകുമെന്നാണ് കേന്ദ്ര സർക്കരിന്റെ കണക്കുകൂട്ടൽ. ഗൽവാൻ വാലിയിലെ ചൈനീസ് കടന്നുകയറ്റത്തിന് ശേഷം ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധം പഴയതു പോലയല്ലെന്ന് ചൂണ്ടിക്കാട്ടിയ മുതിർന്ന കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥൻ എൽഐസിയിൽ ചൈനീസ് നിക്ഷേപം അനുവദിക്കുന്നതിൽ അപകടമുണ്ടെന്നും റോയിട്ടേഴ്സിനോട് പറഞ്ഞു.

എന്നാൽ ചൈനീസ് നിക്ഷേപങ്ങളെ വിലക്കുന്നത് സംബന്ധിച്ച് കേന്ദ്ര ധനമന്ത്രാലയമോ എൽഐസിയോ ഇതുവരെ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല.

# വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതിനു മുമ്പ് മുന്നൊരുക്കങ്ങൾ പൂർത്തിയാക്കണം: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

തിരുവനന്തപുരം: വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതിനു മുമ്പ് മതിയായ മുന്നൊരുക്കങ്ങൾ നടത്തണമെന്നും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും ആശങ്കകൾ പരിഹരിക്കണമെന്നും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംഘടിപ്പിച്ച വെബിനാറിൽ അഭിപ്രായമുയർന്നു. കുട്ടികൾക്ക് കോവിഡിനെതിരെ ഉയർന്ന പ്രതിരോധശേഷി ഉണ്ടെന്ന് തെളിഞ്ഞതിനാലും മുതിർന്നവരുടെ വാക്സിനേഷനിൽ വലിയ പുരോഗതി ഉണ്ടായതിനാലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതിൽ കൂടുതലായി ആശങ്കപ്പെടേണ്ടതില്ല. എന്നാൽ സർക്കാർ പ്രഖ്യാപിച്ച തീയതികൾക്കുള്ളിൽ ആരോഗ്യസുരക്ഷയ്ക്കും അക്കാദമിക പ്രവർത്തനങ്ങൾക്കുമുള്ള തയ്യാറെടുപ്പുകൾ പൂർത്തിയാകുമോ എന്ന ആശങ്ക നിലനിൽക്കുന്നതായും കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് അഭിപ്രായപ്പെട്ടു. സ്കൂളുകളും കോളജുകളും ഘട്ടംഘട്ടമായി തുറക്കാനുള്ള സംസ്ഥാന സർക്കാർ തീരുമാനം പുറത്തുവന്ന സാഹചര്യത്തിലായിരുന്നു വെബിനാർ സംഘടിപ്പിച്ചത്. വെബിനാറിൽ, വിദ്യാർത്ഥികളുടെ സാമൂഹികവികാസമാനസികാരോഗ്യ സമീപനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കലും കോവിഡ് ഭീഷണികളും, രോഗവ്യാപനവും സങ്കീർണതകളും വിദ്യാലയത്തിനകത്തും പുറത്തും എങ്ങനെ തടയാം, വിദ്യാലയം തുറക്കലിന്റെ മുന്നൊരുക്കങ്ങൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുമ്പോഴുള്ള വെല്ലുവിളികളും പരിഹാരങ്ങളും എന്നീവിഷയങ്ങൾ യഥാക്രമം ഡോ. ഷിജു ജോസഫ്, ഡോ. ടി എസ് അനീഷ്, ഡോ. കെ കെ പുരുഷോത്തമൻ, ഡോ. പി വി പുരുഷോത്തമൻ, ഡോ. ബി എസ് ഹരികുമാർ എന്നിവർ അവതരിപ്പിച്ചു. ഡോ. രോഹിണി മോഡറേറ്റർ ആയിരുന്നു. പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി പി ഗോപകുമാർ സ്വാഗതവും പൊതുവിദ്യാഭ്യാസ വിഷയ സമിതി കൺവീനർ ഡോ. ടി പി കലാധരൻ നന്ദിയും പറഞ്ഞു.

# കോവിഡ് സർട്ടിഫിക്കറ്റുകൾ നിശ്ചിത മാനദണ്ഡങ്ങൾ പിന്തുടരണം: ബ്രിട്ടൻ

ലണ്ടൻ: എല്ലാ രാജ്യങ്ങളും കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റിൽ നിശ്ചിത മാനദണ്ഡങ്ങൾ പിന്തുടരണമെന്ന് ബ്രിട്ടൻ. മുഴുവൻ ഡോസ് വാക്സിനെടുത്ത ഇന്ത്യക്കാർക്കും ബ്രിട്ടൻ സന്ദർശിക്കുമ്പോൾ ക്വാറന്റൈൻ ആവശ്യമാണെന്ന തീരുമാനത്തിന് പിന്നാലെയാണ് ബ്രിട്ടന്റെ പരാമർശം. ഇന്ത്യയുമായുള്ള വിഷയത്തിൽ ഘട്ടംഘട്ടമായി തീരുമാനമെടുക്കുമെന്നും ബ്രിട്ടീഷ് സർക്കാർ അറിയിച്ചു. ക്വാറന്റൈൻ ഇല്ലാതെ ബ്രിട്ടനിലേക്ക് പ്രവേശനാനുമതിയുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയെ ഉൾപ്പെടുത്താത്തതിനെതിരെ ഇന്ത്യ പ്രതികരിച്ച സാഹചര്യത്തിലാണ് യുഎന്നിന്റെ പ്രതികരണം.

സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ നിർമ്മിച്ച ഓക്സഫഡ്/അസ്ട്രസെനക വാക്സിന് അംഗീകാരം ബ്രിട്ടൻ അംഗീകാരം നൽകിയിരുന്നു. എന്നാൽ ഇവർ പത്ത് ദിവസത്തെ ക്വാറന്റൈനും പാലിക്കണമെന്ന ആവശ്യമാണ് പ്രതിഷേധത്തിന് കാരണമായത്. ഒക്ടോബർ നാലിനാണ് പുതിയ നിബന്ധന പ്രാബല്യത്തിൽ വരിക. എന്നാൽ, അംഗീകാരമുള്ള രാജ്യങ്ങളുടെ പട്ടിക നിരന്തരം പുനഃപരിശോധിക്കുമെന്ന് ബ്രിട്ടൺ വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം ബ്രിട്ടൺ ആവശ്യപ്പെടുന്ന കോവിഡ് സർട്ടിഫിക്കറ്റിലെ മിനിമം മാനദണ്ഡം എന്താണെന്നത് സംബന്ധിച്ച് യുകെ കൃത്യമായ വിശദീകരണം നൽകിയിട്ടില്ല.

ഇന്ത്യയുടെ കോവിഷീൽഡ് വാക്സിൻ അംഗീകരിക്കില്ലെന്ന് ബ്രിട്ടൺ നേരത്തെ അറിയിച്ചിരുന്നു. കോവിഷീൽഡിന് അംഗീകാരം നൽകിയില്ലെങ്കിൽ സമാന നടപടി തിരിച്ചങ്ങോട്ടും സ്വീകരിക്കുമെന്ന് ഇന്ത്യ കഴിഞ്ഞദിവസം മുന്നറിയിപ്പു നൽകി. ബുധനാഴ്ച കോവിഷീൽഡിനെ അംഗീകൃത വാക്സിനുകളുടെ പട്ടികയിൽ ബ്രിട്ടൻ ഉൾപ്പെടുത്തിയിരുന്നു.

## സഹകരണ സംഘം വില്പന കേന്ദ്രത്തിൽ മോഷണം

വെള്ളറട: വള്ളിച്ചിറ സഹകരണ സംഘത്തിന്റെ കൺസ്യൂമർ സ്റ്റോറിൽ പൂട്ടു തകർത്ത് മോഷണം. ബുധനാഴ്ച രാത്രിയായിരുന്നു സംഭവം. ഇന്നലെ രാവിലെ സ്റ്റോർ തുറക്കാൻ വന്ന ജീവനക്കാരനാണ് പൂട്ടു തകർത്തിരിക്കുന്നതായി കണ്ടത്. പൊലീസെത്തി നടത്തിയ പരിശോധനയിൽ പണമുൾപ്പെടെയുള്ളവ മോഷണം പോയതായി കണ്ടെത്തി. മികച്ച പ്രവർത്തനത്തിന് സംസ്ഥാനത്ത് തുടർച്ചയായി ഒന്നാം സ്ഥാനം നേടി വരുന്ന സംഘം ഏതാനും ആഴ്ച്ചകൾക്കു മുമ്പാണ് നാറാണിയിൽ കൺസ്യൂമർ സ്റ്റോർ ആരംഭിച്ചത്.

# കിണർ പണിക്കിടെ തലയിൽ കല്ലിട്ട് കൊല്ലാൻ ശ്രമിച്ചതായി പരാതി

പാറശാല: കിണർ പണിക്കിടെ കല്ല് തലയിലിട്ട് കൊല്ലാൻ ശ്രമിച്ചതായി പരാതി. ഇന്നലെ രാവിലെ ധനുവച്ചപുരം പാർക്ക് ജങ്ഷനു സമീപത്താണ് സംഭവം. ധനുവച്ചപുരം വാറുത്തട്ട്വിള അലൻ നിവാസിൽ സാബു(47)വിനാണ് പരിക്കേറ്റത്. കഴിഞ്ഞ രണ്ട് ആഴ്ചയ്ക്കു മുമ്പ് സാബു ധനുവച്ചപുരത്ത് ബിനുവെന്നയാളിന്റെ വീട്ടിൽ പണിയ്ക്കുപോയിരുന്നു. എന്നാൽ പണിയിലെ അപാകതകൾ ചൂണ്ടിക്കാട്ടി സാബുവിന് ശമ്പളം നൽകാതെ ഇയാൾ പറഞ്ഞയയ്ക്കുകയും ഇതിന്റെ പേരിൽ പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്തിരുന്നു.

ഇതിന്റെ വൈരാഗ്യത്തിൽ ഇന്നലെ മറ്റൊരു വീട്ടിലെ കിണറിനുള്ളിൽ സാബു പണി ചെയ്തു കൊണ്ടിരിക്കെ ബിനു ഇയാളുടെ തലയിൽ ഒരു കല്ല് എടുത്തിടുകയായിരുന്നു. സാബുവിന്റെ കൂടെ ജോലിയിലുണ്ടായിരുന്ന ഭുവന ചന്ദ്രൻ നിലവിളിച്ചതിനെ തുടർന്ന് ബിനു ഓടി രക്ഷപ്പെടുകയായിരുന്നു. തുടർന്ന് ഓടി കൂടിയ സമീപവാസികൾ പാറശാല പൊലീസിലും ഫയർ ഫോഴ്സിലും വിവരം അറിയിച്ചു. സാബുവിനെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പാറശാല പൊലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

## ജില്ലയിൽ 1734 പേർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചു

തിരുവനന്തപുരം: ജില്ലയിൽ ഇന്നലെ 1,734 പേർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചു. 1,455 പേർ രോഗമുക്തരായി. 15.4 ശതമാനമാണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. രോഗം സ്ഥിരീകരിച്ച് 16,163 പേർ ചികിത്സയിലുണ്ട്. പുതുതായി 2,880 പേരെ ജില്ലയിൽ നിരീക്ഷണത്തിലാക്കി. 3,427 പേർ നിരീക്ഷണകാലം രോഗലക്ഷണങ്ങളില്ലാതെ പൂർത്തിയാക്കി. 9,375 പേർ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നുണ്ട്. കോവിഡുമായി ബന്ധപ്പെട്ട് ഇപ്പോൾ നിരീക്ഷണത്തിലുള്ളവരുടെ ആകെ എണ്ണം 42,789 ആയി.

## പബ്ലിക് ലൈബ്രറി പ്രവർത്തനം സാധാരണ നിലയിലേക്ക്

തിരുവനന്തപുരം: പബ്ലിക്ക് ലൈബ്രറി പ്രവർത്തനം സാധാരണ നിലയിലേക്ക് മാറുന്നു. ലോക്ഡൗണിന് ശേഷം രാവിലെ 10 മുതൽ അഞ്ച് വരെ മാത്രം പ്രവർത്തിച്ചു തുടങ്ങിയ ലൈബ്രറി കഴിഞ്ഞ ഒരാഴ്ചയായി മൂന്നു മണിക്കൂർ കൂടി പ്രവർത്തനം ദീർഘിപ്പിച്ച് രാവിലെ എട്ട്മണി മുതൽ വൈകിട്ട് ആറ് വരെയാക്കിയിരുന്നു. എല്ലാ വിഭാഗങ്ങളിൽ നിന്നും പുസ്തകമെടുക്കാനും റഫറൻസ് വിഭാഗത്തിൽ ഇരുന്ന് പഠിക്കാനും വായനാമുറികളിൽ ഇരുന്ന് പത്രമാസികകൾ വായിക്കാനും സൗകര്യമുണ്ട്. ഈ സമയങ്ങളിൽ ആവശ്യമായ രേഖകളുമായി വന്ന് പുതിയ ലൈബ്രറി അംഗത്വമെടുക്കാം.

## യുവജന കമ്മിഷന്റെ ഹിയറിങ് മാറ്റിവച്ചു

തിരുവനന്തപുരം: സംസ്ഥാന യുവജന കമ്മിഷൻ ഈ മാസം 27ന് രാവിലെ 11 മണി മുതൽ കമ്മിഷൻ ആസ്ഥാനത്ത് വച്ച് നടത്താൻ തീരുമാനിച്ച ഹിയറിങ് 28ലേക്ക് മാറ്റിയതായി സെക്രട്ടറി അറിയിച്ചു.

# ജാവേദ് അക്തറിനെതിരെ മാനനഷ്ടക്കേസ്

മുംബൈ: ഗാനരചയിതാവ് ജാവേദ് അക്തറിനെതിരെ മാനനഷ്ടക്കേസ് ഫയൽ ചെയ്ത് ആർഎസ്എസ്. അഭിഭാഷകനും ആർഎസ്എസ് പ്രവർത്തകനുമായ ധ്രുതിമാൻ ജോഷിയാണ് ജാവേദ് അക്തറിനെതിരെ ക്രിമിനൽ മാനനഷ്ടത്തിന് കേസെടുക്കാൻ കുർള മജിസ്ട്രേറ്റ് കോടതിയെ സമീപിച്ചിരിക്കുന്നത്.

100 കോടി രൂപ നഷ്ടപരിഹാരവും ആവശ്യപ്പെട്ടിട്ടുണ്ട്.

സെപ്റ്റംബർ മൂന്നിന് സംപ്രേഷണം ചെയ്ത ടിവി ഷോയിൽ ജാവേദ് അക്തർ താലിബാനെയും ഹിന്ദു സംഘടനകളെയും തമ്മിൽ താരതമ്യം ചെയ്തത് ഹിന്ദു ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന എല്ലാ സംഘടനകളെയും അപകീർത്തിപ്പെടുത്തിയെന്നും ആർഎസ്എസ് സമൂഹത്തിൽ പടർന്ന ഒരു അർബുദമായി മാറിയെന്ന് അക്തർ പറഞ്ഞതായും ഹർജിയിൽ പറയുന്നു.




കൈറ്റ് വിക്ടേഴ്സ് പ്ലസ് ചാനലിന്റെ ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു.

# ആസാമിൽ ഗ്രാമീണർക്കു നേരെ പോലീസ് വെടിവയ്പിൽ രണ്ട് പേർ മരിച്ചു

## ആസാമിലെ കാക്കി ഭീകരത; സർക്കാർ ജുഡീഷൽ അന്വേഷണത്തിന് ഉത്തരവിട്ടു

ഗോഹട്ടി: ആസാമിൽ നിരായുധരായ ഗ്രാമീണർക്കു നേരെ പോലീസ് നടത്തിയ വെടിവയ്പിൽ രണ്ട് പേർ മരിച്ചു. വെടിവയ്പിലും ലാത്തിചാർജിലും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സംഘർഷത്തിൽ ഒൻപത് പോലീസുകാർക്കും പരിക്കേറ്റു.

ആസാമിൽ പോലീസ് വെടിവയ്പിൽ രണ്ട് പേർ മരിച്ച സംഭവത്തിൽ സർക്കാർ ജുഡീഷൽ അന്വേഷണത്തിന് ഉത്തരവിട്ടു. പോലീസ് അതിക്രമത്തിൻറെ വീഡിയോ വ്യാപകമായി പ്രചരിച്ചതോടെയാണ് സർക്കാർ അന്വേഷണത്തിന് ഉത്തരവിട്ടത്. വെടിവയ്പിലും ലാത്തിചാർജിലും നിരവധി പേർക്ക് പരിക്കേറ്റു. സംഘർഷത്തിൽ ഒൻപത് പോലീസുകാർക്കും പരിക്കേറ്റു.

വ്യാഴാഴ്ച ദരാംഗ് ജില്ലയിലെ ധോൽപൂർ ഗോരുഖുട്ടിയിലായിരുന്നു സംഭവം. കാർഷിക പദ്ധതിക്കായി 2789.25 ഏക്കർ ഭൂമി ഒഴിപ്പിക്കാനുള്ള നടപടിയാണ് സംഘർഷത്തിൽ കലാശിച്ചത്. അനധികൃത കൈയേറ്റങ്ങളാണ് ഒഴിപ്പിക്കുന്നതെന്നാണ് സർക്കാർ ഭാഷ്യം.

ഇതിനെതിരെ പ്രദേശവാസികൾ സംഘടിച്ചതോടെ വൻപോലീസ് സന്നാഹമാണ് ഒഴിപ്പിക്കാനെത്തിയത്. കാർഷിക പദ്ധതിക്കായി പ്രദേശം മുഴുവനായും ഏറ്റെടുക്കാൻ കഴിഞ്ഞ ദിവസം ആസാം മന്ത്രിസഭ തീരുമാനിച്ചിരുന്നു. ധോൽപൂർ ബസാർ ഏരിയ, വെസ്റ്റ് ചുബ ഏരിയ, ധോൽപൂർ നമ്പർ ഒന്ന് എന്നിവിടങ്ങളിൽ തിങ്കളാഴ്ചയാണ് ഒഴിപ്പിക്കൽ നടപടി ആരംഭിച്ചത്.

ഇതിനെതിരെ പ്രദേശത്ത് പ്രതിഷേധങ്ങളുമുണ്ടായി. വ്യാഴാഴ്ച പ്രദേശവാസികൾ കല്ലും കുറുവടിയുമായി ഒഴിപ്പിക്കാനെത്തിയ അധികൃതരെ നേരിട്ടു. പോലീസ് ഇതോടെ പ്രതിഷേധക്കാർക്കുനേരെ ക്രൂരമായ ആക്രമണം അഴിച്ചുവിട്ടു. കമ്പുമായി ഓടിയടുത്ത പ്രതിഷേധക്കാരനെ പോലീസ് വെടിവച്ച് വീഴ്ത്തിയ ശേഷം വളഞ്ഞിട്ട് തല്ലി. മാധ്യമപ്രവർത്തകർ സംഭവം ചിത്രീകരിക്കാനായി അടുത്തപ്പോഴാണ് പോലീസ് പിന്തിരിഞ്ഞത്. പ്രദേശത്തുനിന്നും 800 ൽ അധികം കുടുംബങ്ങളെയാണ് ഒഴിപ്പിക്കുന്നത്. ഇവരിൽ ഭൂരിഭാഗവും മുസ്‌ലിം സമുദായത്തിൽ നിന്നുള്ളവരാണ്. ആസാമിൽ സംഭവിച്ചത് ഭരണകൂട പിന്തുണയോടെയുള്ള വെടിവയ്പാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ആരോപിച്ചു.

പോലീസ് അതിക്രമത്തിൻറെ നടുക്കുന്ന ദൃശ്യങ്ങളാണ് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിക്കുന്നത്. സംഘർഷത്തിൽ മരിച്ചുവീണയാളുടെ മൃതദേഹത്തിൽ പോലീസ് തൊഴിക്കുന്നതുൾപ്പെടെ പോലീസ് ക്രൂരതയുടെ സാക്ഷ്യങ്ങളായി ഈ ദൃശ്യങ്ങൾ.

നൂറുകണക്കിന് പോലീസുകാർ മരത്തിന് മറഞ്ഞിരുന്ന് വെടിവയ്ക്കുമ്പോൾ പ്രതിഷേധക്കാരിൽ ഒരാൾ ഓടിയടുത്തു. ഇയാൾക്കു നേരെ പോലീസ് വെടിയുതിർത്തു. നെഞ്ചിൽ വെടിയേറ്റു വീണയാളുടെ മുകളിൽ കയറി തൊഴിക്കുകയും വടികൊണ്ട് അടിക്കുകയും ചെയ്യുന്നത് വീഡിയോയിൽ കാണാം.

വ്യാഴാഴ്ച ദരാംഗ് ജില്ലയിലെ ധോൽപൂർ ഗോരുഖുട്ടിയിലായിരുന്നു സംഭവം. കാർഷിക പദ്ധതിക്കായി 2789.25 ഏക്കർ ഭൂമി ഒഴിപ്പിക്കാനുള്ള നടപടിയാണ് സംഘർഷത്തിൽ കലാശിച്ചത്. അനധികൃത കൈയേറ്റങ്ങളാണ് ഒഴിപ്പിക്കുന്നതെന്നാണ് സർക്കാർ ഭാഷ്യം. ഇതിനെതിരെ പ്രദേശവാസികൾ സംഘടിച്ചതോടെ വൻപോലീസ് സന്നാഹമാണ് ഒഴിപ്പിക്കാനെത്തിയത്.

കാർഷിക പദ്ധതിക്കായി പ്രദേശം മുഴുവനായും ഏറ്റെടുക്കാൻ കഴിഞ്ഞ ദിവസം ആസാം മന്ത്രിസഭ തീരുമാനിച്ചിരുന്നു. ധോൽപൂർ ബസാർ ഏരിയ, വെസ്റ്റ് ചുബ ഏരിയ, ധോൽപൂർ നമ്പർ ഒന്ന് എന്നിവിടങ്ങളിൽ തിങ്കളാഴ്ചയാണ് ഒഴിപ്പിക്കൽ നടപടി ആരംഭിച്ചത്. ഇതിനെതിരെ പ്രദേശത്ത് പ്രതിഷേധങ്ങളുമുണ്ടായി. വ്യാഴാഴ്ച പ്രദേശവാസികൾ കല്ലും കുറുവടിയുമായി ഒഴിപ്പിക്കാനെത്തിയ അധികൃതരെ നേരിട്ടു. പോലീസ് ഇതോടെ പ്രതിഷേധക്കാർക്കുനേരെ ക്രൂരമായ ആക്രമണം അഴിച്ചുവിട്ടു.

പ്രദേശത്തുനിന്നും 800 ൽ അധികം കുടുംബങ്ങളെയാണ് ഒഴിപ്പിക്കുന്നത്. ഇവരിൽ ഭൂരിഭാഗവും മുസ്‌ലിം സമുദായത്തിൽ നിന്നുള്ളവരാണ്. ആസാമിൽ സംഭവിച്ചത് ഭരണകൂട പിന്തുണയോടെയുള്ള വെടിവയ്പാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ആരോപിച്ചു

# വനം വകുപ്പിലെ നഷ്ടപരിഹാര കേസുകൾ കാലതാമസം കൂടാതെ തീർപ്പാക്കും മന്ത്രി എ. കെ. ശശീന്ദ്രൻ

വനം വകുപ്പിൽ വിവിധ കേസുകളിലായി നഷ്ടപരിഹാരത്തിന് അർഹതയുള്ള കേസുകൾ കാലതാമസം കൂടാതെ തീർപ്പാക്കുമെന്ന് വനം വകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രൻ. കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വനമേഖലയോട് ചേർന്ന പ്രദേശങ്ങളിലെ ജനപ്രതിനധികളുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഏറ്റവും പഴയ കേസുകൾക്ക് മുൻഗണന നൽകിയാകും നഷ്ടപരിഹാരം നൽകുക. കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാര തുക കൂട്ടണം എന്ന ആവശ്യം അനുഭാവപൂർവം പരിഗണിക്കും. വനമേഖലയിൽ നിന്നുള്ളവരുടെ പുനരധിവാസത്തിനുള്ള തുകയും കലോചിതമായി പരിഷ്കരിക്കുന്നത് പരിഗണനയിലാണ്.

അപകടരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു നീക്കുന്നതിന് നടപടി സ്വീകരിക്കും. വനമേഖലയിലെ റോഡുകൾ മെച്ചപ്പെടുത്തന്നതിനും മുൻകൈയെടുക്കും. പട്ടയം നൽകുന്നതിൽ സംയുക്ത പരിശോധന പൂർത്തിയായ മേഖലകൾ കണക്കാക്കി തുടർ നടപടി സ്വീകരിക്കണം എന്ന റവന്യു വകുപ്പിനോട് ആവശ്യപ്പെടും.

വനത്തോട് ചേർന്ന ജനവാസ മേഖലയിലെ വന്യമൃഗ ഭീഷണി നിയന്ത്രിക്കുന്നതിന് ആവശ്യമായ പ്രവർത്തനം നടത്തും. ആനയുടെ ആക്രമണം ഒഴിവാക്കാൻ കിടങ്ങുകൾ കുഴിക്കുന്നത് പോലെയുള്ള ജോലികൾക്ക് തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം വിനിയോഗിക്കും. തീരദേശത്ത് കടൽക്ഷോഭം തടയുന്നതിന് വനവത്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥപനങ്ങളുടെ പിന്തുണ മേഖലയിലെ പ്രശ്ന പരിഹാരത്തിൽ സുപ്രധാനമാണ്. ജനങ്ങളുടെ പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിനും സൗഹാർദപരമായി ഇടപെടുന്നതിലും വനംവകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണം എന്നും മന്ത്രി നിർദ്ദേശിച്ചു.

എം. എൽ. എ മാരായ പി. എസ്. സുപാൽ, സി. ആർ. മഹേഷ്, ജില്ലാ കലക്ടർ അഫ്സാന പർവീൺ, കൊല്ലം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സഞ്ജയൻ കുമാർ, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നീതു ലക്ഷ്മി, എ. ഡി. എം. എൻ. സാജിതാ ബീഗം, പുനലൂർ ആർ. ഡി. ഒ. ബി. ശശികുമാർ, അസിസ്റ്റന്റ് കലക്ടർ ഡോ. അരുൺ എസ്. നായർ, മറ്റു ജനപ്രതിനിധികൾ, വനം-റവന്യു വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## കേരളം സ്തംഭിക്കും; ഭാരത് ബന്ദിന് യുഡിഎഫിൻെറ പിന്തുണയും

തിരുവനന്തപുരം: വിവാദ കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുള്ള ഭാരത് ബന്ദിന് യുഡിഎഫും പിന്തുണ അറിയിച്ചു. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ആണ് ഇക്കാര്യം പറഞ്ഞത്.

നേരത്തെ ഇടതുമുന്നണിയും പിന്തുണ പ്രഖ്യാപിച്ചിരുന്നു. ഇതോടെ ഈ മാസം 27 ന് നടക്കുന്ന ഭാരത് ബന്ദിൽ കേരളം നിശ്ചലമാകും.

മോട്ടോർ വാഹന തൊഴിലാളികളും കർഷകരും ബാങ്ക് ജീവനക്കാരുമടക്കം നൂറിലേറെ സംഘടനകൾ ഭാരത് ബന്ദിന് പിന്തുണ അറിയിച്ചിട്ടുണ്ട്. ഇടത് പാർട്ടികൾ നേരത്തെ തന്നെ ബന്ദിനെ അനുകൂലിച്ചിരുന്നു. തൊഴിലാളി സംഘടനകളും സമരത്തിന് അനുകൂലമായ നിലപാടാണ് സ്വീകരിച്ചിരുന്നത്.

## റേസിംഗിനിടെ ബൈക്കിടിച്ച് യുവാവിൻറെ കാല് ഒടിഞ്ഞു; നാട്ടുകാരുടെ ഇടിയും കിട്ടി

തിരുവനന്തപുരം: നെയ്യാർ ഡാമിൽ ബൈക്ക് റേസിംഗ് നടത്തിയ യുവാവിൻറെ കാല് അപകടത്തിൽ ഒടിഞ്ഞു തൂങ്ങി. റോഡിലൂടെ കടന്നു പോയ മറ്റൊരു ബൈക്കുമായി കൂട്ടിയിടിച്ചാണ് അപകടമുണ്ടായത്. വട്ടിയൂർക്കാവ് സ്വദേശി ഉണ്ണികൃഷ്ണൻറെ കാലാണ് ഒടിഞ്ഞത്. അഭ്യാസപ്രകടനത്തിനിടെ റോഡിൻറെ നടുവിലേക്ക് ഉണ്ണികൃഷ്ണൻ ബൈക്ക് വെട്ടിച്ചപ്പോൾ അതുവഴി മറ്റൊരു ബൈക്ക് ഇടിക്കുകയായിരുന്നു. ഈ ബൈക്കിലുണ്ടായിരുന്ന നാട്ടുകാർ ഉണ്ണികൃഷ്ണനെ മർദിക്കുകയും ചെയ്തു. ഉണ്ണികൃഷ്ണനടക്കം ഏഴ് ചെറുപ്പക്കാരാണ് നെയ്യാർ ഡാം റിസർവോയറിനോട് ചേർന്നുള്ള റോഡിൽ റേസിംഗ് നടത്തിയത്. കാലിന് ഗുരുതരമായി പരിക്കേറ്റ ഉണ്ണികൃഷ്ണൻ ചികിത്സയിലാണ്.

# കെൽട്രോണിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഇലക്ട്രോണിക്സ് ഹബ്ബാക്കി ഉയർത്തും : വ്യവസായ മന്ത്രി പി രാജീവ്

സംസ്ഥാനത്തിന്റെ വ്യാവസായിക രംഗത്ത് ഇലക്ട്രോണിക്സ് മേഖലയ്ക്ക് കൂടുതൽ ഫോക്കസ് നൽകുമെന്നും അതിനു ചുക്കാൻ പിടിക്കാൻ ശേഷിയുള്ളതാക്കി കെൽട്രോണിനെ ഉയർത്തുമെന്നും വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. സർക്കാരിന്റെ 100 ദിന പദ്ധതികളുടെ ഭാഗമായി കെൽട്രോൺ നിർമ്മിച്ച പൾസ് ഓക്സിമീറ്റർ, ശ്രവൺ മിനി ഹിയറിങ് എയ്ഡ്, സോളാർ പമ്പ് കൺട്രോളർ, 5സഢഅ യു പി എസ് സിസ്റ്റം എന്നിവയുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള വലിയ ശ്രമം സർക്കാർ ആരംഭിച്ചിട്ടുണ്ട്. കേരളം മാത്രമാണ് ഇന്ന് പൊതുമേഖലയെ സംരക്ഷിക്കുന്നത്. എന്നാൽ അത് വിജയകരമായ ബദലാണെന്നു ബോധ്യപ്പെടുത്തണമെങ്കിൽ അവയെല്ലാം ലാഭകരമാക്കണം. പൊതുമേഖലയുടെ സംരക്ഷണം അവിടുള്ള ജീവനക്കാരുടെയും സംഘടനകളുടെയും മാത്രം ചുമതലയല്ല. ഗവണ്മെന്റ്, മാനേജ്മെന്റുകൾ, ജീവനക്കാർ, തൊഴിലാളികൾ, അവരുടെ സംഘടനകൾ തുടങ്ങി എല്ലാവരും ചേർന്നാൽ നമുക്ക് വലിയ മാറ്റം ഈ മേഖലയിൽ കൊണ്ടുവരാൻ കഴിയും. സർക്കാർ എല്ലാ പൊതുമേഖലയുടെയും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. പൊതുമേഖലയ്ക്ക് കൂടുതൽ സ്വയംഭരണം നൽകുന്ന തരത്തിൽ ബോർഡുകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകാനാണ് ഉദ്ദേശിക്കുന്നത്. സർക്കാർ നയങ്ങൾക്ക് അനുസൃതമാണോ സ്ഥാപനങ്ങളുടെ പ്രവർത്തനം എന്ന് പരിശോധിക്കേണ്ട ചുമതല ബോർഡുകൾക്കായിരിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

ചടങ്ങിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ അദ്ധ്യക്ഷനായി. കരകുളം പഞ്ചായത്ത് പ്രസിഡണ്ട് ലേഖ റാണി, വാർഡ് മെമ്പർ എസ് സുരേഷ് കുമാർ, കെൽട്രോൺ ചെയർമാൻ & മാനേജിങ് ഡയറക്ടർ എൻ നാരായണ മൂർത്തി, ചീഫ് ജനറൽ മാനേജർമാരായ ബെറ്റി ജോൺ, കെ ഉഷ, പ്ലാനിംഗ് മേധാവി സുബ്രഹ്മണ്യം, അംഗീകൃത തൊഴിലാളി സംഘടനാ പ്രസിഡന്റുമാർ, കെൽട്രോൺ ജീവനക്കാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## ബൈഡൻമോഡി കൂടിക്കാഴ്ച ഇന്ന്

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനുമായി പ്രധാനമന്ത്രി നരേന്ദ്രമോഡി ഇന്ന് കൂടിക്കാഴ്ച നടത്തും. മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനത്തിനായി എത്തിയ മോഡിക്ക് ഇന്നലെ ഊഷ്മള വരവേൽപ് നൽകി. അമേരിക്കൻ സർക്കാരിന് വേണ്ടി മാനേജ്മെന്റ് ആന്റ് റിസോഴ്സസ് സ്റ്റേറ്റ് ഡെപ്യൂട്ടി സെക്രട്ടറി ബ്രയാൻ മക്കിയോൺ ആൻഡ്രൂസ് എയർബേസിൽ സ്വീകരിച്ചു. ഇന്ത്യൻ പ്രവാസ സമൂഹത്തിൽ നിന്നുള്ളവരും സ്വീകരിക്കാൻ എത്തിയിരുന്നു.

അഞ്ച് വ്യത്യസ്ത മേഖലകളിലുള്ള പ്രശസ്ത സാങ്കേതിക കമ്പനികളുടെ മേധാവികളുമായി മോഡി ഇന്നലെ കൂടിക്കാഴ്ച നടത്തി. ക്വാൽകോം, അഡോബ്, ഫസ്റ്റ് സോളാർ, ജനറൽ അറ്റോമിക്സ്, ബ്ലാക്സ്റ്റോൺ മേധാവികളുമാണ് മോഡി കൂടിക്കാഴ്ച നടത്തിയത്. വൈസ് പ്രസിഡന്റ് കമലാ ഹാരിസുമായി പ്രധാനമന്ത്രി ചർച്ച നടത്തും.

# പെഗാസസ്: വിദഗ്ധ സമിതി രൂപീകരിക്കുമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ഇസ്രയേൽ നിർമിത ചാര സോഫ്റ്റ്വെയർ പെഗാസസ് ഫോൺ ചോർത്തലിൽ അന്വേഷണം നടത്താൻ വിദഗ്ധ സമിതി രൂപീകരിക്കുമെന്ന് സുപ്രീംകോടതി. ഇതുസംബന്ധിച്ച ഉത്തരവ് ഉടൻ തന്നെ ഉണ്ടാകുമെന്നും സുപ്രീംകോടതിയുടെ മേൽനോട്ടത്തിലായിരിക്കും അന്വേഷണമെന്നും ചീഫ് ജസ്റ്റീസ് എൻ.വി. രമണ വ്യക്തമാക്കി.

സങ്കേതിക സമിതിയിലേക്ക് വിദഗ്ധരെ നിയമിക്കാൻ സുപ്രീംകോടതി തന്നെ ശ്രമിക്കുകയാണ്. പല വിദഗ്ധരെയും സമീപിച്ചെങ്കിലും ഇവരുടെ അസൗകര്യം മൂലമാണ് സമിതി രൂപീകരിക്കാൻ വൈകുന്നത്. ഉടൻ തന്നെ സമിതി രൂപീകരിച്ച് വിധി പറയുമെന്നും ചീഫ് ജസ്റ്റീസ് അറിയിച്ചു. മറ്റൊരു ഹർജി പരിഗണിക്കവെയാണ് ചീഫ് ജസ്റ്റീസ് ഇക്കാര്യം വ്യക്തമാക്കിയത്.

പെഗാസസ് ഉപയോഗിക്കുന്നുണ്ടോ ഇല്ലയോ എന്നു വ്യക്തമാക്കാൻ കോടതി സർക്കാരിനു വേണ്ടത്ര അവസരം തന്നിരുന്നു. എന്നാൽ, സർക്കാർ ഇക്കാര്യം വ്യക്തമാക്കി സത്യവാങ്മൂലം നൽകാൻ വിസമ്മതിക്കുകയാണ്. അതിനാൽ, അതില്ലാതെതന്നെ ഇടക്കാല ഉത്തരവിറക്കുമെന്നും സുപ്രീംകോടതി നേരത്തെ വ്യക്തമാക്കിയിരുന്നതാണ്.

രാജ്യസുരക്ഷയെ ബാധിക്കുന്ന വിഷയമായതിനാൽ പെഗാസസുമായി ബന്ധപ്പെട്ട വിവരങ്ങളെല്ലാം പൊതുസമൂഹത്തിനൊട്ടാകെ ലഭ്യമാക്കും വിധം സത്യവാങ്മൂലമായി സമർപ്പിക്കാൻ കഴിയില്ലെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത വാദിച്ചിരുന്നു.

എന്നാൽ, രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട ഒരു കാര്യവും വെളിപ്പെടുത്തേണ്ടതില്ലെന്നും പരാതിക്കാർ ആരോപിക്കുന്നതുപോലെ ചാര സോഫ്റ്റ്വെയറിൻറെ നിയമവിരുദ്ധമായ ഉപയോഗത്തിലൂടെ സാധാരണ പൗരൻറെ അവകാശം ലംഘിക്കപ്പെട്ടിട്ടുണ്ടോ എന്നു മാത്രം വ്യക്തമാക്കിയാൽ മതിയെന്നും കോടതി പറഞ്ഞു.

പെഗാസസ് സംബന്ധിച്ച വിഷയങ്ങൾ പരിശോധിക്കാൻ ഒരു വിദഗ്ധസമിതിയെ നിയോഗിക്കാമെന്നും സമിതിയുടെ റിപ്പോർട്ട് കോടതിക്കു നൽകാമെന്നും സർക്കാർ ആവർത്തിച്ചിരുന്നു. എന്നാൽ, ഒരു സമിതിയെ നിയോഗിച്ച് അന്വേഷണം നടത്തുന്നതല്ല കാര്യമെന്നും ഒരു സത്യവാങ്മൂലം നൽകിയാൽ സർക്കാരിൻറെ നിലപാട് വ്യക്തമാകുമെന്നും കോടതി മറുപടി നൽകിയിരുന്നു.

## മഴമിഴിയിൽ ഇന്ന് പാക്കനാർ കലകളും മോഹിനിയാട്ടവും മാർഗംകളിയും

തിരുവനന്തപുരം: മഴമിഴി മൾട്ടി മീഡിയ മെഗാ സ്ട്രീമിങ്ങിൽ ഇരുപത്തിയെട്ടാം ദിനമായ ഇന്ന് പാക്കനാർകല, മോഹിനിയാട്ടം, മാർഗംകളി, സ്കിറ്റ് എന്നിവ അരങ്ങേറും.

ഇന്നലെ ആണ്ടികളി, പഞ്ചവാദ്യം, ഗാനമേള, യക്ഷഗാനം എന്നിവ അരങ്ങേറി. മുൻ എംഎൽഎ കെ പ്രകാശ് ബാബു, കേരള സാഹിത്യ അക്കാദമി പുരസ്കാര ജേതാവും എഴുത്തുകാരനുമായ പെരുമ്പടവം ശ്രീധരൻ എന്നിവർ അതിജീവന സന്ദേശം നടത്തി.

കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെയും വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെയും സഹകരണത്തോടെ കോവിഡ് പ്രതിസന്ധിയുടെ കാലത്ത് കലാസമൂഹത്തിന് നവ മാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി ഒരുക്കുന്ന സമാശ്വാസ പദ്ധതിയാണ് മഴമിഴി. 65 ദിവസം നീണ്ട് നിൽക്കുന്ന മഴമിഴി മെഗാ സ്ട്രീമിങ്ങിലൂടെ 150 ഓളം കലാരൂപങ്ങളിലായി 350 ഓളം കലാ സംഘങ്ങളുടെ കലാപ്രകടനങ്ങൾ പ്രദർശിപ്പിക്കുന്നുണ്ട്.

# ദേശവിരുദ്ധ പ്രവർത്തനമെന്ന് ആരോപണം: ആറ് സർക്കാർ ഉദ്യോഗസ്ഥരെ പിരിച്ചുവിട്ടു

ശ്രീനഗർ: ദേശവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയെന്ന് ആരോപിച്ച് ജമ്മു കശ്മീർ ഭരണകൂടം രണ്ട് പൊലീസുകാർ ഉൾപ്പെടെ ആറ് സർക്കാർ ഉദ്യോഗസ്ഥരെ പിരിച്ചുവിട്ടു. ഇതോടെ ദേശവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടെന്ന് ആരോപിച്ച് ഏപ്രിൽ മുതൽ പിരിച്ചുവിട്ട ഉദ്യോഗസ്ഥരുടെ എണ്ണം 12 കഴിഞ്ഞു. സർക്കാർ ജീവനക്കാരെ നിരീക്ഷിക്കാൻ ഏപ്രിലിൽ ലഫ്റ്റനന്റ് ഗവർണർ പ്രത്യേക സമിതിയെ രൂപീകരിച്ചിരുന്നു. ഇവരുടെ ശുപാർശ അനുസരിച്ചാണ് നടപടി.

അനന്ത്നാഗിലെ ബിജ്ബെഹറയിലെ സർക്കാർ സ്കൂൾ അധ്യാപകനായ ഹമീദ് വാനി, കിഷ്ത്വാറിലെ ഒരു കോൺസ്റ്റബിൾ ജാഫർ ഹുസൈൻ ബട്ട്, കിഷ്ത്വാറിലെ റോഡ് ആന്റ് ബിൽഡിങ് ഡിപ്പാർട്ട്മെന്റിലെ ജൂനിയർ അസിസ്റ്റന്റ് ലിയാഖത്ത് അലി ഖക്രൂ, ബാരാമുള്ളയിൽ, വനംവകുപ്പിലെ റേഞ്ച് ഓഫീസറായ താരിഖ് മെഹ്മൂദ് കോലി, പൂഞ്ചിലെ പൊലീസ് കോൺസ്റ്റബിൾ അഹമ്മദ് ഖാൻ, മറ്റൊരു സ്കൂൾ അധ്യാപിക എന്നിവരെയാണ് ബുധനാഴ്ച ജോലിയിൽ നിന്ന് പിരിച്ചുവിട്ടത്. പ്രത്യേക സമിതിയുടെ ശുപാർശ അനുസരിച്ച് കഴിഞ്ഞ ജൂലൈയിൽ ഹിസ്ബുൾ മുജാഹിദ്ദീൻ തലവൻ സയ്യിദ് സലാഹുദ്ദീന്റെ മകൻ ഉൾപ്പെടെ നിരവധി സർക്കാർ ഉദ്യോഗസ്ഥരെ സർവീസിൽ നിന്ന് പിരിച്ചുവിട്ടിരുന്നു.

ഉദ്യോഗസ്ഥരെ പിരിച്ചുവിട്ട നടപടിക്കെതിരെ രാഷ്ട്രീയ പാർട്ടികളും തൊഴിലാളി യൂണിയനുകളും രംഗത്തുവന്നു. ജമ്മുകശ്മീർ ഭരണകൂടത്തിന്റെ നടപടി ജീവനക്കാരുടെ സത്യസന്ധതയെ ചോദ്യം ചെയ്യുന്നതാണെന്ന് യൂണിയൻ നേതാവും ജമ്മു കശ്മീർ സിവിൽ സൊസൈറ്റി ഫോറം ചെയർമാനുമായ അബ്ദുൽ ഖയൂം വാനി പറഞ്ഞു.

## സത്യവാങ്മൂലത്തിൽ കർണാടക സർക്കാരിന് ഹൈക്കോടതിയുടെ പിഴ

ബംഗളൂരു : അലക്ഷ്യമായ രീതിയിൽ സത്യവാങ്മൂലം സമർപ്പിച്ചതിന് സംസ്ഥാന സർക്കാരിനും ബംഗളൂരു സിറ്റി പൊലീസ് കമ്മിഷണർക്കും 25000 രൂപ പിഴ വിധിച്ച് കർണാടക ഹൈക്കോടതി.

ഗുണ്ടാ നിയമപ്രകാരം അനധികൃതമായി തടങ്കലിൽ വച്ചിരിക്കുകയാണെന്ന് കാണിച്ച് കാർത്തിക് എന്ന യുവാവ് നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. തടങ്കൽ ഉത്തരവ് വ്യക്തി സ്വാതന്ത്ര്യത്തിന്റെ ലംഘനമാണെന്ന് നിരീക്ഷിച്ച കോടതി കേസിൽ സർക്കാർ സമർപ്പിച്ച സത്യവാങ്മൂലം അലക്ഷ്യ സ്വാഭാവത്തിലുള്ളതാണെന്നും ചൂണ്ടിക്കാട്ടി. തടങ്കൽ ഉത്തരവ് റദ്ദാക്കുകയും 30 ദിവസത്തിനുള്ളിൽ പിഴതുക ഒടുക്കണമെന്ന് സർക്കാരിനോടും സിറ്റി പൊലീസ് കമ്മിഷണറോട് നിർദ്ദേശിക്കുകയും ചെയ്തു. ആകിടിങ് ചീഫ് ജസ്റ്റിസ് സതീഷ് ചന്ദ്ര ശർമ്മ, ജസ്റ്റിസ് എസ് എസ് മഗുടം എന്നിവരടങ്ങിയ ബെഞ്ചാണ് കേസ് പരിഗണിച്ചത്.

കർണാടക ഗുണ്ടാ ആക്ട് പ്രകാരം തനിക്കെതിരെ ബംഗളൂരു സിറ്റി കമ്മിഷണർ പുറപ്പെടുവിച്ച മൂന്ന് ഉത്തരവുകൾ ചോദ്യം ചെയ്താണ് കാർത്തിക് ഹർജി സമർപ്പിച്ചത്.

# ഹരിത കർമ്മ സേനയുടെ പ്രവർത്തനം വിപുലപ്പെടുത്തണം: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തണമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

സ്വാതന്ത്ര്യത്തിന്റെ 75 ാം വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള 'ആസാദി കാ അമൃത് മഹോത്സവ്' പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മാലിന്യസംസ്കരണ മേഖലയിലെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളുമായി മന്ത്രി സംസാരിച്ചു. കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും മാലിന്യമുക്തമാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത് ഹരിതകർമ്മസേനയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലുടനീളം ഫലപ്രദമായ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും മന്ത്രി പറഞ്ഞു. ശാസ്ത്രീയമായ ഖര ദ്രവമാലിന്യ പരിപാലനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് ശുചിത്വം, വെളിയിട വിസർജ്യമുക്ത ഗ്രാമം എന്നീ നേട്ടങ്ങൾ നിലനിർത്തുക എന്ന ലക്ഷ്യത്തോടെ 100 ദിവസത്തിൽ ഒരു ലക്ഷം സോക്പിറ്റുകൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് തുടക്കം കുറിക്കും. നവകേരളം കർമ്മ പദ്ധതി കോർഡിനേറ്റർ ഡോ. ടി എൻ സീമ, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മിർ മുഹമ്മദ് അലി തുടങ്ങിയവർ സംസാരിച്ചു.

# ആൾദൈവത്തിന്റെ നിർദ്ദേശപ്രകാരം യുവതിക്ക് ഭർതൃപിതാവിന്റെ പീഡനം

മുംബൈ: മഹാരാഷ്ട്രയിൽ ആൾദൈവത്തിന്റെ നിർദ്ദേശപ്രകാരം യുവതിയെ ലൈംഗികമായി പീഡിപ്പിച്ച് ഭർതൃപിതാവ്. പീഡനത്തിന് ശേഷം കോഴിയുടെ രക്തം കുടിപ്പിക്കാനും ശ്രമിച്ചിരുന്നതായും യുവതിയുടെ പരാതിയിൽ പറയുന്നു. സംഭവം പൊലീസിൽ പരാതിപ്പെട്ടതോടെയാണ് പുറത്തറിയുന്നത്. കുട്ടികളുണ്ടാവാൻ വേണ്ടി ഭർതൃപിതാവ് ലൈംഗികമായി പീഡിപ്പിച്ചതായാണ് 33 കാരിയുടെ പരാതി. യുവതി ഭർത്താവിന് കുട്ടികളുണ്ടാവില്ലെന്ന വിവരം ഇവരുട വീട്ടിൽ അറിയിച്ചിരുന്നു. ഇതിന് പിന്നാലെയായിരുന്നു പീഡനം. യുവതിയുടെ ഭർത്താവിനേയും ഭർതൃപിതാവിനേയും പൊലീസ് അറസ്റ്റ് ചെയ്തു. സംഭവത്തിൽ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# നാർകോട്ടിക് ജിഹാദ്: സഭാധ്യക്ഷന്മാരുടെ യോഗം വിളിക്കുമെന്ന് കേന്ദ്രം

കോട്ടയം: പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ചൂണ്ടിക്കാട്ടിയ നാർകോട്ടിക് ജിഹാദ് വിഷയത്തിൽ മുസ്‌ലിം സംഘടനകളുടെ സമ്മർദത്തിൽ ബിഷപ്പിനെതിരേ നിലപാട് സ്വീകരിച്ച ഇടതു വലതു കക്ഷികളെ വെട്ടിലാക്കി കേന്ദ്രസർക്കാരിൻറെ നീക്കം.

വിഷയം ചർച്ച ചെയ്യാൻ കേന്ദ്രസർക്കാർ സഭാധ്യക്ഷന്മാരുടെ യോഗം വിളിക്കുമെന്ന സൂചനയാണ് ഇപ്പോൾ പുറത്തുവരുന്നത്. സുരേഷ് ഗോപി എംപിയാണ് കേന്ദ്രസർക്കാർ സഭാധ്യക്ഷന്മാരുടെ യോഗം വിളിക്കുമെന്നു പറഞ്ഞത്. നേരത്തെ കേന്ദ്രനിർദേശ പ്രകാരം സുരേഷ് ഗോപി എംപി പാലാ ബിഷപ്പിനെ നേരിട്ടു സന്ദർശിക്കുകയും പിന്തുണ അറിയിക്കുകയുംചെയ്തിരുന്നു.

നാർക്കോട്ടിക് ജിഹാദ് എന്നൊരു വിഷയം ഇല്ലെന്നും അങ്ങനെയൊരു വാക്ക് ഉപയോഗിക്കേണ്ട ആവശ്യമില്ലായിരുന്നു എന്നും പ്രതികരിച്ച് ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയൻ പത്രസമ്മേളനം നടത്തിയിരുന്നു.

നാർക്കോട്ടിക് ജിഹാദും ലൗ ജിഹാദും ഇല്ലെന്നു സ്ഥാപിക്കാൻ ശ്രമിച്ചു ചില കണക്കുകളും അദ്ദേഹം നിരത്തിയിരുന്നു. മയക്കുമരുന്നു കേസിൽ പിടിയിലായവരുടെ മതം തിരിച്ചുള്ള കണക്കും മുഖ്യമന്ത്രി അവതരിപ്പിച്ചു.

ബിഷപ് പ്രസ്താവന തിരുത്തുകയാണെന്നു വേണ്ടതെന്ന മട്ടിലുള്ള സമീപനമാണ് മുഖ്യമന്ത്രിയും സിപിഐയും മുന്നോട്ടുവച്ചത്. ആദ്യ ദിവസത്തെ ലഘുവായ വിമർശനത്തിനു ശേഷം പ്രതികരിക്കാതിരുന്ന മുഖ്യമന്ത്രിയാണ് കഴിഞ്ഞ ദിവസങ്ങളിൽ ബിഷപ്പിനെ പ്രസ്താവനയ്ക്കെതിരേ കടുത്ത നിലപാടുമായി രംഗത്തുവന്നത്.

സർക്കാരിലെ മന്ത്രി വി.എൻ.വാസവൻ ബിഷപ്പിനെ സന്ദർശിച്ചതു സമസ്ത അടക്കമുള്ള മുസ്‌ലിം സംഘടനകളെ പ്രകോപിപ്പിച്ചിരുന്നു. ഇതിനെതിരേ രൂക്ഷ വിമർശനവമായി സമസ്ത രംഗത്തുവന്നിരുന്നു.

ഇതിനു പിന്നാലെ മുസ്‌ലിം സംഘടനകൾ കോഴിക്കോട്ട് യോഗം വിളിക്കുകയും ചെയ്തു. ഇതോടെയാണ് ബിഷപ് മുന്നോട്ടുവച്ച വിഷയത്തിനെതിരേ നിലപാട് സ്വീകരിക്കാൻ മുഖ്യമന്ത്രിയും സംസ്ഥാന സർക്കാരും നിർബന്ധിതമായത്.

ഈ വിഷയത്തിൽ തിരുത്തലാണ് വേണ്ടതെന്നും സർവകക്ഷിയോഗവും സമുദായനേതൃ യോഗവുമൊന്നും വിളിച്ചു ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നുമായിരുന്നു മുഖ്യമന്ത്രിയുടെ ഇന്നലെത്തെ പ്രതികരണം. എന്നാൽ, ബിഷപ് മുന്നോട്ടുവച്ച വിഷയം ചർച്ച ചെയ്യാൻ സഭാധ്യക്ഷന്മാരുടെ യോഗം വിളിക്കുമെന്നു കേന്ദ്രസർക്കാർ സൂചന നൽകിയതോടെ വിഷയത്തിൽ സംസ്ഥാന സർക്കാർ വെട്ടിലായിരിക്കുകയാണ്.

ഈ വിഷയം വിട്ടുകളയാൻ തയാറല്ലെന്നും വേണ്ടിവന്നാൽ അന്വേഷണം നടത്തുമെന്നുമുള്ള സൂചനയാണ് കേന്ദ്രസർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. ബിഷപ് ഉയർത്തിയ വിഷയം അന്വേഷിക്കുകയോ പരിശോധിക്കുകയോ ചെയ്യാതെ തള്ളിക്കളയുന്ന സംസ്ഥാന സർക്കാർ നിലപാടിനെതിരേ പൊതുസമൂഹത്തിൽ ജനവികാരം ശക്തമായി നിലനിൽക്കുന്നതിനിടയിലാണ് ഈ വിഷയത്തിൽ ഇടപെടുമെന്ന സൂചന ഇപ്പോൾ കേന്ദ്രസർക്കാരിൽനിന്നു സുരേഷ് ഗോപി വഴി നൽകിയിരിക്കുന്നത്.

പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിൻറെ നാർക്കോട്ടിക് ജിഹാദ് പ്രസംഗം ചർച്ചയായതിനു പിന്നാലെ ആദ്യ ദിവസങ്ങളിൽ മുഖ്യമന്ത്രി വിമർശനവുമായി രംഗത്തുവന്നിരുന്നു. എന്നാൽ, തുടർന്നുള്ള ദിവസങ്ങളിൽ ബിഷപ് ചൂണ്ടിക്കാണിച്ച വിഷയത്തിനു പൊതുസമൂഹത്തിൻറെ വലിയ പിന്തുണ കിട്ടുന്നതു മനസിലാക്കി വിമർശനങ്ങളിൽനിന്നു സിപിഎം പതുക്കെ പിൻവലിഞ്ഞു.

ബിഷപ്പിന് ഐക്യദാർഢ്യം അറിയിച്ചുകൊണ്ടു നിരവധി നേതാക്കളും പ്രസ്ഥാനങ്ങളും പാലായിലെത്തുകയും അദ്ദേഹത്തെ സന്ദർശിക്കുകയും ചെയ്തതോടെ മുഖ്യ രാഷ്ട്രീയ കക്ഷികളായ സിപിഎമ്മും കോൺഗ്രസും വെട്ടിലാവുകയുംചെയ്തിരുന്നു.

ഇതിനിടയിൽ നാർകോട്ടിക് ജിഹാദ് വിഷയത്തിൽ ബിഷപ്പിനെ പൂർണമായും പിന്തുണച്ചു ബിജെപിയും രംഗത്തെത്തി. ഗോവ ഗവർണർ പി.എസ്.ശ്രീധരൻ പിള്ള ബിഷപ്പിനെ നേരിട്ടു വിളിച്ചു പിന്തുണ അറിയിച്ചു. സുരേഷ് ഗോപി എംപിയും വിവിധ ബിജെപി നേതാക്കളും പിന്തുണയുമായി പാലാ ബിഷപ്സ് ഹൗസിലെത്തി.

ഇതോടെ കോൺഗ്രസും ചുവടുമാറ്റി. കെപിസിസി പ്രസിഡൻറ് കെ.സുധാകരൻ പാലായിലെത്തി ബിഷപ്പിനെ കണ്ടു സംസാരിച്ചു. അന്തരീക്ഷം മാറുന്നതു മനസിലാക്കിയ സിപിഎം ഉടനെ മന്ത്രി വി.എൻ. വാസവനെ ബിഷപ്പിനെ കാണാൻ നിയോഗിച്ചു.

വാസവൻ പാലായിലെത്തി ബിഷപ്പിനെ കണ്ടു സംസാരിക്കുകയും മാധ്യമങ്ങളോടു പ്രതികരിക്കുകയും ചെയ്തു. ബിഷപ്പുമായി വ്യക്തിപരമായി തനിക്ക് അടുപ്പമുണ്ടെന്നും അദ്ദേഹം കാര്യങ്ങൾ പഠിച്ചു മനസിലാക്കി സംസാരിക്കുന്ന ആളാണെന്നും വാസവൻ പറഞ്ഞു. അതുപോലെ നാർക്കോട്ടിക് ജിഹാദ് വിഷയം ഇനി അടഞ്ഞ അധ്യായമാണെന്നും അതിനെക്കുറിച്ച് ഇനി വിവാദങ്ങൾ ഉണ്ടാക്കേണ്ട കാര്യമില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു.

നാർക്കോട്ടിക് ജിഹാദ് വിഷയം ഉന്നയിച്ച ബിഷപ്പിനെ ഇടതുസർക്കാരിലെ മന്ത്രി തന്നെ നേരിട്ടു സന്ദർശിച്ചതു പക്ഷേ, സമസ്ത അടക്കമുള്ള സംഘടനകളെ ഞെട്ടിച്ചു. പിറ്റേന്നുതന്നെ പത്രസമ്മേളനം വിളിച്ചു ചേർത്ത സമസ്ത നേതാക്കൾ ഇടതു സർക്കാരിനെ രൂക്ഷമായി വിമർശിച്ചു. ഇതോടെയാണ് സർക്കാർ നാർക്കോട്ട് ജിഹാദ് എന്നൊരു വിഷയമേ ഇല്ലെന്ന നിലപാടിലേക്കു സർക്കാർ മാറിയത്.

# വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള പേറ്റന്റ് ഫീസ് 80% കുറച്ചു

ന്യൂഡൽഹി: ആത്മനിർഭർ ഭാരതത്തിലേക്കുള്ള മറ്റൊരു സുപ്രധാന ചുവടുവയ്പ്പിന്റെ ഭാഗമായി, പേറ്റന്റ് അപേക്ഷയ്ക്കും, പ്രോസിക്യൂഷൻ ഇടപാടുകൾക്കുമുള്ള ഫീസിൽ വരുത്തിയിരിക്കുന്ന 80% ഇളവും ബന്ധപ്പെട്ട ആനുകൂല്യങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബാധകമാക്കി. ഇതിനായി പേറ്റന്റ് ചട്ടങ്ങളിൽ കേന്ദ്രം ഭേദഗതി വരുത്തി.

നവസംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുക ലക്ഷ്യമിട്ട് വ്യവസായലോകവും അക്കാദമിക സമൂഹവും തമ്മിലുള്ള സഹകരണം ഊർജ്ജിതമാക്കാൻ വ്യവസായ ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പ് പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്ന ഗവേഷണത്തിന്റെ വാണിജ്യവൽക്കരണം സുഗമമാക്കുന്നതിലൂടെ ഇത് നേടാനാകും.

പേറ്റന്റ് എടുക്കാവുന്നതും വാണിജ്യവത്ക്കരണ സാധ്യതയുള്ളതുമായ നിരവധി പുതിയ സാങ്കേതികവിദ്യകൾ പ്രൊഫസർമാർ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ സൃഷ്ടിക്കുന്നു. അവ കൂടുതൽ സുഗമമാക്കുന്നതിന് നടപടി സഹായകമാകും. പുതിയ സാങ്കേതികവിദ്യകളുടെ വികസനത്തിന് ഉയർന്ന പേറ്റന്റിംഗ് ഫീസ് ഒരു തടസ്സമായി വർത്തിക്കുകയായിരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി, 2003 ലെ പേറ്റന്റ് ചട്ടങ്ങൾ പ്രകാരമുള്ള ഫീസ്, 2021ലെ പേറ്റന്റ് ചട്ട ഭേദഗതിയിലൂടെ ലഘൂകരിക്കുകയും, ആയത് 2021 സെപ്റ്റംബർ 21 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു.

നടപടിക്രമങ്ങൾ കൂടുതൽ ലളിതവും, സമയബന്ധിതവും, ഉപയോക്തൃ സൗഹൃദവും, ഇന്റർനെറ്റ് അധിഷ്ഠിത ഇടപാടുകൾക്ക് അനുയോജ്യവുമാക്കുന്നതിന് 2016, 2017, 2019, 2020 വർഷങ്ങളിൽ പേറ്റന്റ് ചട്ടങ്ങൾ ഭേദഗതി ചെയ്തു. ഇനിപ്പറയുന്ന നടപടികളാണ് സ്വീകരിച്ചത്:

പുതിയ പേറ്റന്റ് എക്സാമിനർമാരെ നിയമിച്ചു കൊണ്ട് മാനവ വിഭവശേഷി വർദ്ധിപ്പിക്കൽ.

പേറ്റന്റുകൾ പൂർണ്ണമായും ഓൺലൈനിൽ അപേക്ഷിക്കുന്നതിനും അനുവദിക്കുന്നതിനുമുള്ള പ്രക്രിയ

വീഡിയോകോൺഫറൻസിംഗ് വഴി പേറ്റന്റ് കേസുകളുടെ വിചാരണ

വെബ്സൈറ്റിൽ അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ/പരാതികൾ എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. അത്തരം നിർദ്ദേശങ്ങൾ/പരാതികൾ മുതലായവ ഒരു ടീം ഉടനടി പരിഗണിക്കുകയും ഇമെയിൽ വഴി ഉചിതമായ പ്രതികരണം അറിയിക്കുകയും ചെയ്യുന്നു.

സ്കൂളുകൾ, സർവകലാശാലകൾ, വ്യവസായങ്ങൾ, നിയമനിർവ്വഹണ ഏജൻസികൾ തുടങ്ങിയവയ്ക്കും ബന്ധപ്പെട്ടവർക്കുമായി നടത്തിയ കജഞ ബോധവത്ക്കരണ പ്രവർത്തനങ്ങൾ

മേൽപ്പറഞ്ഞ ശ്രമങ്ങളുടെ ഫലമായി, പേറ്റന്റുകൾ പരിശോധിക്കുന്നതിനുള്ള സമയം 2015 ൽ ശരാശരി 72 മാസമായിരുന്നത് ഇപ്പോൾ 1230 മാസമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ, പേറ്റന്റ് അപേക്ഷകളുടെ അന്തിമ തീർപ്പിനുള്ള സമയം നിലവിൽ ശരാശരി 48 മാസമെന്നുള്ളത് ചുരുങ്ങി, 2021 അവസാനത്തോടെ ശരാശരി 2430 മാസമായി ആകുമെന്ന് പ്രതീക്ഷിക്കുന്നു.



നിർധന വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 100 ബ്രാൻഡഡ് ടാബുകൾ പി. വി. അബ്ദുൾ വഹാബ് എം പി മന്ത്രി വി. ശിവൻകുട്ടിക്ക് കൈമാറുന്നു

## കാർഷിക പോഷക ഉദ്യാന ക്യാമ്പയിൻ ഉദ്ഘാടനം ഇന്ന്

വിഷരഹിത പച്ചക്കറികളും പഴവർഗങ്ങളും ലഭ്യമാക്കുന്നതിന് കുടുംബശ്രീ സംസ്ഥാന മിഷൻ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വാർഡ്തല കാർഷിക പോഷക ഉദ്യാനങ്ങൾ ഒരുക്കുന്നു. ജില്ലാതല ഉദ്ഘാടനം ഇന്ന് (സെപ്തംബർ 24) വൈകിട്ട് 4.30ന് എൻ.ജി.ഒ യൂണിയൻ ഹാളിൽ മൃഗ സംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി നിർവഹിക്കും. കോർപ്പറേഷൻ മേയർ പ്രസന്ന ഏണസ്റ്റ് അധ്യക്ഷയാകും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി. സുമാലാൽ മുഖ്യാതിഥിയും.

വിഷമുക്ത പച്ചക്കറികൾ, പഴവർഗങ്ങൾ എന്നിവ 10 ലക്ഷത്തോളം കുടുംബങ്ങളിൽ എത്തിക്കുകയാണ് ലക്ഷ്യം.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓരോ വാർഡിൽ നിന്നും കുറഞ്ഞത് മൂന്ന് സെന്റിൽ കൃഷി ചെയ്യാൻ താല്പര്യമുള്ള 50 കുടുംബങ്ങളെ വീതമാണ് തിരഞ്ഞെടുക്കുന്നത്.

വാർഡ്തല പരിശീലനത്തോടൊപ്പം അഞ്ച് ഇനം പച്ചക്കറി വിത്തുകളും സൗജന്യമായി നൽകും. കുടുംബശ്രീ സി.ഡി.എസുകളിൽ രജിസ്റ്റർ ചെയ്ത 50 പേരെ വീതം ഓരോ ക്ലസ്റ്ററുകളാക്കി ജൈവകൃഷിയിലൂടെ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ നാട്ടുചന്തകൾ വഴി വിപണനം നടത്താനുള്ള സൗകര്യവുമൊരുക്കും എന്ന് ജില്ലാ കോർഡിനേറ്റർ വി. ആർ. അജു അറിയിച്ചു.

# കാർഷിക മേഖലയിലെ യന്ത്രവൽക്കരണം കാര്യക്ഷമമാക്കാൻ കാംകോയെ ശക്തിപ്പെടുത്തും: കൃഷി മന്ത്രി പി. പ്രസാദ്

കേരളത്തിലെ പ്രമുഖ പൊതുമേഖല സ്ഥാപനമായ കാംകോയെ ശക്തിപ്പെടുത്തുന്നതിലൂടെ കാർഷിക മേഖലയിലെ വെല്ലുവിളിയായി നില നിൽക്കുന്ന യന്ത്രവൽക്കരണം കൂടുതൽ കാര്യക്ഷമമാക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. കാംകോയിലെ വിവിധ വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിന് കൃഷി മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ട്രേഡ് യൂണിയൻ നേതാക്കളും തൊഴിലാളി പ്രതിനിധികളും പങ്കെടുത്തു. മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള ധാരാളം കർഷകർ കാംകോയുടെ കാർഷിക യന്ത്രങ്ങളെ ആശ്രയിക്കുന്നു എന്നത് കർഷകർക്ക് കാംകോ ഉത്പ്പന്നങ്ങളിലുള്ള വിശ്വാസമാണ് തെളിയിക്കുന്നത്. ആ വിശ്വാസം അതേപടി നിലനിർത്താൻ പ്രത്യേകം ശ്രദ്ധ ചെലുത്തും. കാർഷിക യന്ത്രങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഗുണനിലവാരമുള്ള യന്ത്രഭാഗങ്ങൾ വാങ്ങുന്നതിന് ഉദ്യോഗസ്ഥർക്ക് കൂട്ടു ഉത്തരവാദിത്വമാണ് ഉള്ളതെന്നും, അതിൽ വീഴ്ച വരുത്തുന്നവർ നടപടി നേരിടേണ്ടിവരുമെന്നും മന്ത്രി ഓർമിപ്പിച്ചു. പൊതു മേഖലയെ സംരക്ഷിക്കാൻ ആർജ്ജവമുള്ള ഒരു സർക്കാർ ആണ് കേരളത്തിലുള്ളത്.

കാര്യക്ഷമമായ പ്രവർത്തനത്തിന് സംതൃപ്തമായ തൊഴിലാളികൾ കൂടിയേതീരൂ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കാൻ പരിശ്രമിക്കും. തൊഴിലാളികൾക്ക് ലഭിക്കേണ്ട പ്രമോഷൻ നടപ്പിലാക്കുന്നതിൽ വീഴ്ച്ച വന്നിട്ടുണ്ടോ എന്ന് പരിശോധിക്കും. ഐ.എം.ജി പഠന റിപ്പോർട്ടും പബ്ലിക് സർവീസ് കമ്മീഷൻ ശുപാർശകളും പഠനവിധേയമാക്കി സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കും. മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തും. മാർക്കറ്റിംഗ് വിപുലീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മാനേജിങ് ഡയറക്ടറെ ചുമതലപ്പെടുത്തി. കൃഷി വകുപ്പ് സെക്രട്ടറി സി. എ. ലത, തൊഴിലാളി സംഘടനാ നേതാക്കാൾ, മാനേജിങ് ഡയറക്ടർ കെ.പി. ശശികുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

# ഹയർസെക്കൻഡറി അൺ എയ്ഡഡ് മേഖലയിൽ സീറ്റുകൾ വർധിപ്പിക്കുന്ന കാര്യം പരിഗണനയിൽ: വിദ്യാഭ്യാസമന്ത്രി

തിരുവനന്തപുരം: പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഹയർസെക്കൻഡറി അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സീറ്റുകൾ വർധിപ്പിക്കുന്ന കാര്യം പരിഗണനയിലാണെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ പ്ലസ് വൺ അലോട്ട്മെന്റ് നടപടികൾ നിരീക്ഷിക്കാൻ എത്തിയ മന്ത്രി മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു.

വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിഗണിച്ച് ട്രയൽ അലോട്ട്മെന്റ് സെപ്റ്റംബർ 13ന് പ്രസിദ്ധീകരിച്ച് ഓപ്ഷനുകൾ ഉൾപ്പെടെ തിരുത്തലുകൾ വരുത്തുന്നതിന് സെപ്റ്റംബർ 17 ന് വൈകിട്ട് അഞ്ച് വരെ സമയം അനുവദിച്ചിരുന്നു. ആകെ 4,65,219 അപേക്ഷകൾ ആദ്യ അലോട്ട്മെന്റിന് പരിഗണിച്ചു. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ ആകെയുള്ള 2,71,136 മെറിറ്റ് സീറ്റുകളിൽ 2,18,418 അപേക്ഷകർക്ക് അലോട്ട്മെന്റ് നൽകി. ഒന്നാം അലോട്ട്മെന്റ് പ്രകാരമുള്ള പ്രവേശനം ഇന്നലെയും 25, 29 തീയതികളിലും ഒക്ടോബർ ഒന്നിനും പൂർത്തീകരിച്ച് രണ്ടാമത്തെ അലോട്ട്മെന്റ് ഒക്ടോബർ ഏഴിന് പ്രസിദ്ധീകരിക്കും. 20 ശതമാനം മാർജിനൽ വർധനവിലൂടെ ഹയർ സെക്കൻഡറി പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും വേണ്ട സീറ്റുകൾ ലഭ്യമാകുമെന്നാണ് കരുതുന്നത്. മുഖ്യഘട്ട പ്രവേശന നടപടികൾ പൂർത്തീകരിച്ചതിന് ശേഷം സ്ഥിതി പരിശോധിച്ച് തുടർനടപടി തീരുമാനിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

## അന്യത്ര സേവന വ്യവസ്ഥയിൽ ക്ലാർക്ക് നിയമനം

തിരുവനന്തപുരം വികാസ്ഭവനിൽ നാലാം നിലയിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ വകുപ്പുകളിൽ സമാന തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർ വകുപ്പ് അദ്ധ്യക്ഷന്റെ നിരാക്ഷേപപത്രം, പ്രൊഫോർമ എന്നിവ ഉള്ളടക്കം ചെയ്ത അപേക്ഷ ഒക്ടോബർ എട്ടിന് മുൻപ് ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, നാലാം നില, തിരുവനന്തപുരം എന്ന വിലാസത്തിൽ നൽകണം.

## നറുക്കെടുപ്പ് മാറ്റി

വിവിധ സംഘടനകളുടെ നേതൃത്വത്തിൽ സെപ്റ്റംബർ 27 ന് ഭാരത ബന്ദ് ആഹ്വാനം ചെയ്ത സാഹചര്യത്തിൽ അന്ന് നറുക്കെടുക്കേണ്ട വിൻ വിൻ ണ635 ഭാഗ്യക്കുറി നറുക്കെടുപ്പ് ഒക്ടോബർ 3 ന് ഉച്ച കഴിഞ്ഞു 3 മണിക്ക് നടക്കുമെന്ന് ലോട്ടറി ഡയറക്ടർ ഡോ. അദീല അബ്ദുള്ള അറിയിച്ചു.

# ജാർഖണ്ഡ് ജഡ്ജിയുടേത് കൊലപാതമെന്ന നിർണായക വെളിപ്പെടുത്തലുമായി സിബിഐ

ന്യൂഡൽഹി: ജാർഖണ്ഡിലെ ധൻബാദിൽ ജില്ലാ ജഡ്ജി വാഹനമിടിച്ച് മരിച്ച സംഭവത്തിൽ നിർണായക വെളിപ്പെടുത്തലുമായി സിബിഐ. ജില്ലാ അഡീഷണൽ ജഡ്ജി ഉത്തം ആനന്ദിനെ പ്രഭാതസവാരിക്കിടെ ഓട്ടോ ഡ്രൈവർ മനഃപൂർവം വാഹനമിടിപ്പിക്കുകയായിരുന്നുവെന്ന് സിബിഐ കോടതിയെ അറിയിച്ചു.

ഫോറൻസിക് വിവരത്തിൻറെയും സ്ഥലം പരിശോധിച്ചതിൻറെയും അടിസ്ഥാനത്തിലാണ് സിബിഐ റിപ്പോർട്ട്. രാജ്യത്തെ നാല് ഫോറൻസിക് ടീമുകളെ കേസ് പഠിക്കാൻ സിബിഐ നിയമിച്ചിട്ടുണ്ട്.

പ്രതികളുടെ ബ്രയിൻ മാപ്പിംഗ്, നുണ പരിശോധ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് കേസ് അന്വേഷണം പുരോഗമിക്കുന്നത്. അന്വേഷണം അന്തിമ ഘട്ടത്തിലാണും സിബിഐ വൃത്തങ്ങൾ അറിയിച്ചു.

ജൂലൈയിലാണ് ഉത്തം ആനന്ദ് ഓട്ടോയിടിച്ച് മരിച്ചത്. വീടിന് അര കിലോമീറ്റർ അകലെയായി അദ്ദേഹത്തെ ഓട്ടോറിക്ഷ ഇടിച്ചു വീഴ്ത്തുകയായിരുന്നു. അപകടം നടന്ന ശേഷം വാഹനം നിർത്താതെ പോവുകയും ചെയ്തു. പിന്നീട് ഓട്ടോ ഡ്രൈവറെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു.

## സ്വർണവിലയിൽ ഇടിവ്

മുംബൈ: സ്വർണവില ഇന്നലെ വീണ്ടും കുറഞ്ഞു. പവന് 200 രൂപയാണ് കുറഞ്ഞത്. ഗ്രാമിന് 25 രൂപയും കുറഞ്ഞു. ഒരു പവൻ സ്വർണത്തിന്റെ ഇന്നലത്തെ വില 34,880 രൂപയായിരുന്നു. ഒരു ഗ്രാം സ്വർണത്തിന്റെ വില 4360 രൂപയായി.

എംസിഎക്സ് എക്സ്ചേഞ്ചിൽ സ്വർണത്തിന്റെ ഭാവിവിലയിൽ 0.62 ശതമാനത്തിന്റെ ഇടിവുണ്ടായി. അന്താരാഷ്ട്ര വിപണിയിലും സ്വർണവില ഇടിഞ്ഞു. സ്പോട്ട് ഗോൾഡ് വില 0.3 ശതമാനം ഇടിഞ്ഞ് ഔൺസിന് 1,762.33 ഡോളറായി.



വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ വനമേഖലയോട് ചേർന്ന പ്രദേശങ്ങളിലെ ജനപ്രതിനധികളുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും യോഗം കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേരുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.